# ആത്മപ്രകാശിനി

## 2009 ഡിസംബർ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ


**യഹോവയുടെ സഖിത്വം**
കെ.എ. ഫിലിപ്പ് .................................. 3

**വെളിപ്പാടു പുസ്തകം ....**
ഡോ. ഒ.എം. ശാമുവേൽ .................. 4

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................. 6

**പരിണാമ സൃഷ്ടി വിവാദം ....**
ഡോ. ജോൺസൺ ജോർജ്ജ് ........ 8

**ഒരുക്കമുള്ള ആരാധന**
എസ്. ജി. ഗിൽബർട്ട് ........................ 10

**പ്രായോഗിക ക്രിസ്തീയജീവിതം**
തോമസ് ഏബ്രഹാം .......................... 11

**വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം**
യോഹന്നാൻ ഏബ്രഹാം ................ 13

**നിങ്ങളുടെ സൗമ്യത .....**
ജോർജ്ജ് സി. വർഗീസ് .................. 16

**സ്ഥിരത നൽകും .....**
ഡാനി ഇസക്കിയേൽ ........................ 17

**സകല ജാതികൾക്കും .....**
കുഞ്ഞമ്മ ചാക്കോ ............................ 18

**അടയാളമില്ലാത്ത വഴികൾ**
ഗോഡ്ലി പി.എസ്. ............................ 19

**ബൈബിൾ പ്രശ്നാവലി ..............** 21

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.12**

## 2009 ഡിസംബർ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# യഹോവയുടെ സഖിത്വം

**കെ.എ. ഫിലിപ്പ്**

സുഹൃദ്ബന്ധം ആഗ്രഹിക്കാത്തവരുടെ എണ്ണം വളരെ ചുരുങ്ങും. സൗഹൃദത്തിനു വേണ്ടി സമയവും ധനവും എത്ര വേണമെങ്കിലും വ്യയം ചെയ്യുന്നവരുണ്ട്. സഹപ്രവർത്തകരും സഹപാഠികളും സഹകക്ഷിക്കാരും ഒന്നും പോരാഞ്ഞ് 'തൂലികാസ്നേഹിതന്മാരെ' (pen friends) അന്വേഷിക്കുന്നവരും സമ്പാദിക്കുന്നവരും ഒട്ടും കുറവല്ല. എല്ലാവർക്കും വേണ്ടത് തങ്ങളോടൊപ്പം ഉള്ളവരെയൊ സാധ്യമെങ്കിൽ വളരെ ഉയർന്ന സ്ഥാനവും യോഗ്യതയും ഉള്ളവരെയൊ ആണ്. നല്ല സുഹൃദ്ബന്ധം എപ്പോഴും നല്ലതുതന്നെ. എന്നാൽ ഈ മേഖലയിലും സ്വാർത്ഥതയും കാപട്യവും കടന്നു കൂടാം. സ്നേഹിതന്മാർക്കു വേണ്ടി പ്രാണത്യാഗം ചെയ്യുന്നവരുണ്ട്; സ്നേഹിതരെ കൊല ചെയ്യുന്നവരുമുണ്ട്. എന്നാൽ അതുല്യവും അതിവിശിഷ്ടവുമായ ഒരു സഖിത്വത്തെപ്പറ്റിയാണ് ഇവിടെ നാം ചിന്തിക്കാൻ പോകുന്നത്. അത്യുന്നതനായ ദൈവത്തിന്റെ സഖിത്വമാണത്. സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുത്ത ഒരു ചരിത്രവും അതിൽ ഉൾപ്പെടുന്നു.

ഈ വിഷയം ഉന്നയിക്കുന്നത് സ്നേഹിതബന്ധത്തിന്റെ ഒരു ഉത്തമ മാതൃകയായ ദാവീദാണ്; കവിയും ഭക്തനും യോദ്ധാവും ശൗലിന്റെ മകനായ യോനാഥാന്റെ ഉറ്റ സുഹൃത്തും ആയിരുന്നു ദാവീദ്. കൊട്ടാര രഹസ്യങ്ങൾ യഥാസമയം ദാവീദിനെ അറിയിച്ചിരുന്ന സ്നേഹിതനായിരുന്നു ഈ രാജകുമാരൻ. എന്നാൽ രഹസ്യങ്ങൾ പങ്കുവെയ്ക്കുന്ന മാറ്റമില്ലാത്ത യഥാർത്ഥ സ്നേഹിതൻ ആരാണെന്ന് ദാവീദ് അചിരേണ പഠിക്കുകയുണ്ടായി. ആ പാഠത്തിനു ദാവീദ് നൽകിയ കാവ്യ രൂപമാണ് നമ്മുടെ ചിന്താവിഷയം. ദാവീദ് പാടുകയാണ്:-

**"യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും,**
**അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു"** (സങ്കീ. 25:14)

പ്രസ്താവനയുടെ ആദ്യ ഭാഗത്തിന് പല വിവർത്തനങ്ങൾ ആകാം. "The secret of the Lord is with them that fear Him" (KJV) / "The Lord confides in those who fear Him" (NIV). "ദൈവം തന്റെ രഹസ്യങ്ങൾ തന്റെ ഭക്തന്മാരുമായി പങ്കു വെയ്ക്കുന്നു'' എന്നും ''തന്റെ ഭക്തന്മാരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ദൈവം അവരെ തന്റെ മനോഗതങ്ങൾ അറിയിക്കുന്നു'' എന്നുമൊക്കെയാണ് ഇതിന്റെ സാരം. അതാണല്ലോ ആത്മാർത്ഥ സ്നേഹിതർ ചെയ്യുന്നതും.

"ദൈവത്തിന്റെ സ്നേഹിതൻ" എന്ന അപരനാമം ലഭിച്ച ഒരു വിശ്വാസ വീരനാണല്ലോ അബ്രഹാം. 'ദൈവം എന്റെ സ്നേഹിതനാണ്' എന്ന് അബ്രഹാം ഒരിക്കലും പറഞ്ഞിട്ടില്ല, പറയുകയുമില്ല. അബ്രഹാം സ്നേഹിതനാണെന്ന് ദൈവമാണു പറഞ്ഞത് (യെശ. 41:8). ഈ ദൈവിക സഖിത്വത്തിന്റെ ആദ്യ സൂചന ദൈവം തന്നെ നൽകിയിരിക്കുന്നത് ഉല്പത്തി പുസ്തകത്തിൽ നാം കാണുന്നു. അത് ഒരു ചോദ്യ രൂപേണ ആയിരുന്നു. "ഞാൻ ചെയ്യുവാൻ ഇരിക്കുന്നത് അബ്രാഹാമിനോട് മറച്ചുവെയ്ക്കുമോ?" (ഉല്പത്തി 18:17). സോദോം നഗരം നശിപ്പിക്കാൻ പോകുന്നു എന്ന ആ രഹസ്യം അബ്രാഹാമിനോട് പറയാതിരിക്കാൻ ദൈവത്തിനു കഴികയില്ല. ഒരു സൗഹൃദത്തിന്റെ കടപ്പാടായി ആ കാര്യം ദൈവം കാണുന്നു.

നൂറ്റാണ്ടുകൾ കഴിഞ്ഞു. ദൈവം മനുഷ്യനായി ഭൂമിയിൽ വന്നു; ഇമ്മാനുവേലായ യേശുക്രിസ്തു. സാധാരണക്കാരിൽ സാധാരണക്കാരായ ചില ചെറുപ്പക്കാരെ തിരഞ്ഞു പെറുക്കി അവരെ കൊണ്ടു നടന്നു പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ആയിരുന്നു കർത്താവ് ആദ്യം ചെയ്തത്. പഠനത്തിൽ അവർ മെച്ചമായിരുന്നില്ല. എന്നാൽ അവരുടെ ഗുരുവും കർത്താവുമായവൻ അവരെ സ്വർഗ്ഗീയ മർമ്മങ്ങൾ അഥവാ രഹസ്യങ്ങൾ പഠിപ്പിച്ചു. അവർ അത് കുറെയൊക്കെ ഗ്രഹിക്കുകയും ചെയ്തു. ആ ശുശ്രൂഷയുടെ ഏതാണ്ട് അന്തിമ ഘട്ടത്തിൽ കർത്താവ് ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു, "ഞാൻ നിങ്ങളോട് കല്പിച്ചത് ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ. യജമാനൻ ചെയ്യുന്നത് ദാസൻ അറിയായ്ക കൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല. **ഞാൻ എന്റെ പിതാവിനോടു കേട്ടതെല്ലാം നിങ്ങളോട് അറിയിച്ചതു കൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു**'' (യോഹ. 15:14,15). താമസിയാതെ കർത്താവു ക്രൂശിൽ മരിക്കുകയും അടക്കപ്പെടുകയും ചെയ്തു. എന്നാൽ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ഉയിർത്തെഴുന്നേറ്റ കർത്താവ് മഗ്ദലക്കാരത്തി മറിയയ്ക്കാണല്ലോ ആദ്യം പ്രത്യക്ഷനായത്. ഈ പ്രത്യക്ഷതയെപ്പറ്റി ശ്രേഷ്ഠകവി വിദ്വാൻകുട്ടി അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ഒരു ഗാനത്തിൽ ഇപ്രകാരം പറയുന്നു:

# വെളിപ്പാടു പുസ്തകം - ഒരു പഠനം - 1

DR. O. M. SAMUEL

പ്രസിദ്ധ വേദപണ്ഡിതനും പ്രസംഗകനും എഴുത്തുകാരനും വേദാദ്ധ്യാപകനും ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാളും ആത്മപ്രകാശിനി പത്രാധിപസമിതി അംഗവുമായ ഡോ. ഒ.എം. ശമുവേൽസാർ ഈ ലക്കം മുതൽ എഴുതുന്ന "വെളിപ്പാടു പുസ്തകം - ഒരു പഠനം" എന്ന ലേഖന പരമ്പര എല്ലാ അനുവാചകർക്കും അനുഗ്രഹമായിരിക്കും എന്നതിന് രണ്ടു പക്ഷമില്ല. തുടർച്ചയായി വായിച്ച് അനുഗ്രഹം പ്രാപിച്ചാലും (പബ്ലിഷർ).

**തി**രുവചനത്തിലെ അവസാന പുസ്തകമാണല്ലോ വെളിപ്പാടു പുസ്തകം. ഈ പുസ്തകത്തിന്റെ പേര് അനേകരും തെറ്റിച്ചാണ് പറയുന്നത്. ചില പ്രസംഗകരുപോലും അതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നുള്ളത് ഖേദകരം തന്നെ. വെളിപാടു പുസ്തകം എന്നാണ് നല്ല ഒരുപങ്കാളുകൾ ഈ പുസ്തകത്തെ വിളിക്കുന്നത്. ഇതോടനുബന്ധിച്ച് ഒരു സംഭവ കഥ ഓർമ്മയിൽ വരുന്നു. മഹാകവി കെ.വി. സൈമൺസാർ ഒരു യോഗത്തിൽ വെളിപ്പാടു പുസ്തകത്തെ അധികരിച്ചു പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെപ്പോലെ ഉച്ചഭാഷിണി ഇല്ലാത്തതുകൊണ്ട് പ്രസംഗം പകർത്തിപ്പറയുക എന്ന പതിവാണ് ഉണ്ടായിരുന്നത്. സൈമൺസാറിന്റെ പ്രസംഗം പകർത്തിപ്പറഞ്ഞത് കർത്താവിൽ പ്രസിദ്ധനായ പാസ്റ്റർ കെ.ഇ. ഏബ്രഹാം അവർകളായിരുന്നു. സൈമൺസാർ വെളിപ്പാടു പുസ്തകം എന്ന് വ്യക്തമായി പറയുമ്പോഴെല്ലാം പകർത്തിപ്പറയുന്ന ആൾ വെളിപാടു പുസ്തകം എന്ന് പറഞ്ഞുകൊണ്ടിരുന്നു. രണ്ടു മൂന്നാവർത്തി കഴിഞ്ഞപ്പോൾ സൈമൺസാർ വ്യക്തമായി അദ്ദേഹത്തോടു പറഞ്ഞു വെളിപാടു പുസ്തകം അല്ല വെളിപ്പാടു പുസ്തകം ആണ്. വ്യക്തമായി പറയണം എന്നു നിർദ്ദേശിച്ചു. തമ്മിലുള്ള വ്യത്യാസവും നമുക്കറിയാം. നാം വെളിപാടിൽ വിശ്വസിക്കുന്നവരല്ല. വെളിപാടു ജാതീയമായ ഒരു രീതിയാണ്. നമുക്കു ലഭിച്ചിരിക്കുന്നത് ദൈവീക വെളിപ്പാടാണ്. നമ്മുടെ പഠനവിഷയം വെളിപ്പാട് പുസ്തകം ആണ്. വെളിപാടു പുസ്തകം അല്ല. അങ്ങനെയൊരു പുസ്തകം തിരുവചനത്തിൽ ഇല്ല.

ഈ പുസ്തകത്തിന്റെ തലവാചകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. Revelation of John എന്നാണ് ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്നത്. തൊട്ടുതാഴെ മലയാളത്തിൽ യോഹന്നാനുണ്ടായ വെളിപ്പാട്

---

ഉയിർത്തു മറിയയ്ക്കു പ്രത്യക്ഷമായപോലിപ്പാപിയാമെന്നുള്ളത്തിൽ പ്രത്യക്ഷമായവൻ
ഒഴുകും സ്നേഹവാക്കാലെന്നുള്ളമൊക്കെയും കവർന്നവൻ-എൻ-എൻ-എൻ-എൻ
(ജീവ നായകനേ . . . .)

തന്നുടെ ജഡത്തോടുമസ്ഥിയോടുമൊന്നായെന്നെയെന്നും പിരിയാതവണ്ണം
ചേർത്തുകൊണ്ടവൻ
തന്നുള്ളം തുറന്നു മനമെല്ലാമെന്നോടറിയിച്ചവൻ-എൻ-എൻ-എൻ-എൻ
(ജീവ നായകനേ . . . .)

ഒരു വിശ്വാസിയുടെ പദവി വാചാമഗോചരമാണ്. ദാവീദിനെക്കാൾ ആത്മീയ സത്യങ്ങളെ സംബന്ധിച്ച മെച്ചമായ ഉൾക്കാഴ്ചയോടെ "എത്ര നല്ല മിത്രമെനിക്കേശു . . . ." എന്നും "എനിക്കുണ്ടൊരു മിത്രം കൂട്ടുകൂടാൻ" എന്നും നമുക്ക് പാടാൻ കഴിയും. കർത്താവിനോട് നമ്മുടെ രഹസ്യങ്ങൾ തുറന്നു പറയാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. എഫ്. ജെ. ക്രോസ്ബി പാടിയിരിക്കുന്നതു പോലെ "സ്നേഹത്തിന്റെ മന്ത്രണങ്ങൾ" (whispers of love) ആകും അതൊക്കെ. കർത്താവിന് നമ്മോടും പറയുവാനുണ്ട് വളരെ വളരെ കാര്യങ്ങൾ. നമ്മുടെ രഹസ്യ പ്രാർത്ഥനയിൽ ഇതാണ് നടക്കുന്നത്, അഥവാ നടക്കേണ്ടത്. സ്നേഹത്തിന്റെ മർമ്മരങ്ങൾ ആയിരിക്കേണം അവ. കൂടാതെ നാം ദൈവവചനം ധ്യാനിക്കുമ്പോൾ കർത്താവ് നമ്മോട് സംസാരിക്കുകയാണ്. അങ്ങനെ രഹസ്യ പ്രാർത്ഥനയിലൂടെയും വചന ധ്യാനത്തിലൂടെയും ഏതു ഹൈസ്പീഡ് ഇന്റർനെറ്റിനെക്കാളും വേഗതയുള്ള മനസ്സിന്റെ അതിവേഗതയിൽ നമുക്ക് കർത്താവുമായി ആശയവിനിമയം ചെയ്യാനാകും. അപ്പോൾ നാം പാടിപ്പോകുന്ന ഒരു ഗാന ശകലമാണ്, "ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ മനോഹരം എങ്ങനെ വർണ്ണിച്ചിടാം." വേർപിരിക്കാനാവാത്ത ഈ ദിവ്യസൗഹൃദലബ്ധിക്കായി ദൈവത്തിനു നന്ദി പറയാം. അനുദിനം ഈ "സ്നേഹത്തിൻ പാരവശ്യം" വളർന്നു വളർന്നു വരട്ടെ, നിത്യതയിലേയ്ക്ക്. ●

എന്നെഴുതിയിരിക്കുന്നു. ഇംഗ്ലീഷിലുള്ള പുസ്തക ത്തിന്റെ അതുപോലെ തർജ്ജിമ ചെയ്താൽ യോഹന്നാന്റെ വെളിപ്പാട് എന്നായിരിക്കണം എഴു തേണ്ടിയിരുന്നത്. പുസ്തകത്തിന്റെ എഴുത്തുകാ രൻ യോഹന്നാൻ എന്ന നിലയിൽ യോഹന്നാനു ണ്ടായ വെളിപ്പാടെന്നോ യോഹന്നാന്റെ വെളിപ്പാ ടെന്നോ പറയാം. എന്നാൽ ഈ പുസ്തകത്തിന്റെ ശരിയായ പേര് പുസ്തകത്തിന്റെ പ്രാരംഭത്തിൽ പറഞ്ഞിരിക്കുന്നതാണ്. യേശുക്രിസ്തുവിന്റെ വെളിപ്പാട്. പുസ്തകത്തിന്റെ ശീർഷകവും ഇങ്ങനെ തന്നെ വേണമായിരുന്നു.

ഈ പുസ്തകത്തിന്റെ എഴുത്തുകാരനെക്കു റിച്ചും വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളെക്കു റിച്ചും ധാരാളം വിവരിക്കാമെങ്കിലും അങ്ങനെ യുള്ള ഒരു പഠനത്തിനല്ല ഞാൻ ആഗ്രഹിക്കുന്ന ത്. എഴുത്തുകാരൻ യോഹന്നാൻ ആണെന്നുള്ള പരമ്പരാഗത വിശ്വാസത്തെ അംഗീകരിക്കുന്നതിൽ തെറ്റൊന്നും തന്നെയില്ല. അമിത കൃത്തിപ്പുകാരുടെ വാദമുഖങ്ങളിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്നി ല്ല. ഈ പുസ്തകത്തിൽത്തന്നെ എഴുത്തുകാരൻ 5 പ്രാവശ്യം യോഹന്നാൻ എന്ന പേരിൽ അനുവാ ചകർക്കു പരിചയപ്പെടുത്തുന്നു. പ്രത്യേകമായ നില യിൽ അപ്പൊസ്തലൻ എന്നോ യേശുക്രിസ്തു വിന്റെ ശിഷ്യനെന്നോ ഉള്ള വിശദീകരണം ഒന്നും നൽകാതെ ലളിതമായ രീതിയിൽ എഴുത്തുകാരൻ തന്നെത്തന്നെ അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയം തന്നെ. (1:1,4,9, 21:2; 22:8). ഈ പുസ്തകത്തിലെ 404 വാക്യങ്ങളിൽ 278 പഴയനിയമ ഭാഗങ്ങളെ ക്കുറിച്ചുള്ള പരാമർശനം എഴുത്തുകാരന്റെ പഴയ നിയമഭാഗങ്ങളെക്കുറിച്ചുള്ള ആഴമായ അറിവിന്റെ പരിണിതഫലമാണ്. അതുപോലെ സമാഗമനകൂ ടാരം, ദൈവാലയം ഇവയെക്കുറിച്ചുള്ള വിശദീകര ണങ്ങളും ശ്രദ്ധേയം തന്നെ. യേശുക്രിസ്തുവിന്റെ സാക്ഷി എന്ന നിലയിലും ദൈവവചനത്തിന്റെ ശുശ്രൂഷകൻ എന്ന നിലയിലും യോഹന്നാൻ പത്മൊസ് എന്ന ദ്വീപിൽ നാടുകടത്തപ്പെട്ട കാര്യം പുസ്തകത്തിൽ എടുത്തു പറയുന്നുണ്ട്. ഏതാ യാലും ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ സെബദിയുടെ മകനും യേശുവിന്റെ മാർവ്വിടത്തിൽ ചാടിക്കിടന്ന് യേശുക്രിസ്തുവിന്റെ ഹൃദയസ്പ ന്ദനം ശ്രദ്ധിച്ചയാളുമായ യേശു സ്നേഹിച്ച ശിഷ്യ നായ യോഹന്നാൻ എന്നുതന്നെ നമുക്കു ഗ്രഹി ക്കാം. സഭാപിതാക്കന്മാരുടെയും മറ്റും സാക്ഷ്യം ഇതിനു വ്യക്തമായ തെളിവാണ്.

വെളിപ്പാടു പുസ്തകപഠനത്തിൽ നേരിടുന്ന വലിയ വൈഷമ്യം വ്യത്യസ്തങ്ങളായ വ്യാഖ്യാന രീതികൾ ആണ്. ഓരോ വ്യാഖ്യാനരീതിക്കും വ്യക്തമായ കാരണങ്ങളും എടുത്തു കാണിക്കുന്നു. തിരുവചന വ്യാഖ്യാനത്തിലെ സുവർണ്ണ തത്വം എന്നറിയപ്പെടുന്ന ആക്ഷരീക വ്യാഖ്യാനം എവി ടെയും അംഗീകാര യോഗ്യമായ ഒരു തത്വമാണ്. ഈ പുസ്തകത്തിൽ അനേക ആലങ്കാരിക വിവ രണങ്ങളും രംഗങ്ങളും ഉള്ളതുകൊണ്ട് ആദ്യന്തം ഇതിനെ ആലങ്കാരികമായി വ്യാഖ്യാനിക്കുന്നവരു ണ്ട്. ചില വ്യാഖ്യാതാക്കളെ സംബന്ധിച്ചിട ത്തോളം ഈ പുസ്തകം ഭൂതകാല സംഭവങ്ങ ളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുക എന്നു ള്ളതാണ്. ആദിമനൂറ്റാണ്ടിലെ സഭയ്ക്കു നേരിട്ട പീഡകളും എതിർപ്പുകളുടെയും അടിസ്ഥാനത്തി ലാണ് ഭൂതകാല സംഭവങ്ങളോടുള്ള ബന്ധത്തി ലുള്ള വ്യാഖ്യാനരീതി ചിലർ സ്വീകരിച്ചിരിക്കുന്ന ത്. ഈ വ്യാഖ്യാനരീതിയെ ഇംഗ്ലീഷിൽ Preterist interpretator എന്നാണു പറയുന്നത്. മറ്റൊരു വ്യാഖ്യാനരീതി ചരിത്രപരമായ സംഭവങ്ങളുടെ വെളിച്ചത്തിലുള്ള വ്യാഖ്യാനം. ഈ പുസ്തകം എഴുതപ്പെട്ട കാലഘട്ടം മുതൽ യേശുക്രിസ്തു വിന്റെ പുനരാഗമനം വരെയുള്ള സംഭവങ്ങളുടെ വെളിച്ചത്തിൽ ആലങ്കാരിക രീതിയിൽ ഇതിനെ വ്യാഖ്യാനിക്കുക എന്നാണ്. ഈ വ്യാഖ്യാന രീതി യനുസരിച്ച് ഈ പുസ്തകത്തിലെ മൃഗം, ബാബി ലോൺ എന്നിവ റോമൻ കത്തോലിക്ക സഭയോടും മാർപ്പാപ്പായോടുമുള്ള ബന്ധത്തിലും വ്യാഖ്യാനി ക്കുന്നവരുണ്ട്. ഈ വ്യാഖ്യാനത്തിന് Historical interpretation എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. മൂന്നാമത്തെ വ്യാഖ്യാനരീതി ഭാവികാല സംഭവ ങ്ങളോടുള്ള ബന്ധത്തിൽ ഈ പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്ന സംഭവങ്ങൾ പ്രവചന സംഭ വങ്ങൾ ആണ്. അതാതിന്റെ സമയത്ത് അവ ആക്ഷരീകമായി നിറവേറും എന്നാണ് ഈ വ്യാഖ്യാനരീതിയുടെ രത്നച്ചുരുക്കം (Futuristic interpretation). ഈ പുസ്തകത്തിൽനിന്നുതന്നെ ഇതൊരു പ്രവചന ഗ്രന്ഥമാണെന്നു തെളിയുന്നു ണ്ട്. അതുകൊണ്ട് ഭാവികാല സംഭവങ്ങളുമായി ബന്ധിപ്പിച്ച് ആക്ഷരീകമായി വ്യാഖ്യാനിക്കുന്ന രീതിയാണ് അധികം ആളുകളും അംഗീകരിച്ചിരി ക്കുന്ന പഠനരീതി.

ഉല്പത്തി പുസ്തകത്തിൽ പല കാര്യങ്ങളു ടെയും ആരംഭത്തെക്കുറിച്ചുള്ള വെളിപ്പാടു നൽകി യിരിക്കുന്നു. അങ്ങനെയുള്ള പലതിന്റെയും പര്യ വസാനം എന്ത് എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിക്കുന്നത് വെളിപ്പാടു പുസ്തക ത്തിൽക്കൂടിയാണ്. ഉല്പത്തി പുസ്തകത്തിൽ ആകാശഭൂമികളുടെ ആരംഭത്തെക്കുറിച്ച് വായിക്കു

# കൃപ എന്ന വിശിഷ്ട വിഷയം-3

## വർദ്ധിച്ച ദൈവ കൃപ

കെ. വി. ജോൺ, തിരുവല്ല

"എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിനു തന്നേ" (റോമർ 5:20,21)

സോദോമിലെ നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു (ഉല്പത്തി 13:13). സോദോമിന്റെയും ഗൊമോരയുടെയും പാപം അതികഠിനമായിരുന്നു (ഉല്പത്തി 18:20). എങ്കിലും സോദോമിനുവേണ്ടി വാദിച്ച അബ്രാഹാമിനോട് ദൈവം 10 നീതിമാന്മാരെയെങ്കിലും അവിടെ കണ്ടാൽ അവരുടെ നിമിത്തം ആ പട്ടണത്തോടു ക്ഷമിക്കുമെന്നും അവിടം നശിപ്പിക്കുകയില്ലെന്നും ഉറപ്പുകൊടുത്തു. നീതിമാന്മാരുടെ സംഖ്യ 50ൽ ആരംഭിച്ച് 45,40,30,20 ഇങ്ങനെ പടിപടിയായി കുറച്ച് 10 ൽ വന്നു നിന്നു. അബ്രാഹാമും ദൈവവുമായുള്ള പ്രസ്തുത സംവാദത്തിൽ വ്യക്തമായി വെളിപ്പെടുന്നത് പാപം പെരുകിയേടത്ത് ദൈവകൃപ വർദ്ധിക്കുന്നു എന്നതിന്റെ തെളിവാണ്. പക്ഷേ അവിടെ ലോത്ത് ഒഴികെ ഒരൊറ്റ നീതിമാൻപോലും ഇല്ലായിരുന്നുവെന്ന് ഉല്പത്തി 19:4-11 വാക്യങ്ങൾ വായിക്കുമ്പോൾ മനസ്സിലാകും. അപ്പൊസ്തലനായ പൗലൊസ് റോമർ ഒന്നാം അദ്ധ്യായത്തിൽ പറയുന്ന അവമാന രാഗങ്ങളിലും ആണോട് ആൺ ചേർന്നുള്ള അവലക്ഷണ പ്രവൃത്തികളിലും ഉൾപ്പെടുവാൻ സകല ഭാഗത്തുനിന്നും വന്ന് ലോത്തിന്റെ വീടു വളഞ്ഞവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് 'ആബാലവൃദ്ധം എല്ലാവരും' എന്നാണ്. ലോത്തിന്റെ കാര്യമാണെങ്കിൽ അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മപ്രവൃത്തികൾ കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ നിഷ്കാമപ്രവൃത്തികളാൽ വലഞ്ഞുപോയ നീതിമാനാണു താനും. ലോത്തിന്റെ തിരഞ്ഞെടുപ്പാണ് ഇത്ര ദയനീയാവസ്ഥയിലേക്ക് ലോത്തിനെ എത്തിച്ചതെന്ന് കഴിഞ്ഞ ലേഖനത്തിൽ നാം കണ്ടുവല്ലോ. എങ്കിലും ദൈവം അവനോട് കരുണ കാണിച്ച് ആ വലിയ നാശത്തിൽ നിന്നും അവനെ വിടുവിച്ചു.

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത പെരുകുകയും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതാകയും

---

ന്നു. വെളിപ്പാടു പുസ്തകത്തിൽ പുതുവാന ഭൂമിയെക്കുറിച്ചുള്ള വിശദീകരണം കാണാം. ഉല്പത്തിയിൽ മരണത്തിന്റെ ആരംഭത്തെക്കുറിച്ച് വായിക്കുമ്പോൾ വെളിപ്പാടു പുസ്തകത്തിൽ ഇനി മരണം ഇല്ല എന്നു നാം വായിക്കുന്നു. പഠന സൗകര്യത്തിനായി ഉല്പത്തി പുസ്തകവും വെളിപ്പാടു പുസ്തകവും തമ്മിൽ ഒരു താരതമ്യപഠനം നടത്തുന്നത് പ്രയോജനപ്രദമായിരിക്കുമല്ലോ.

**ഉല്പത്തിയിൽ**

1. പറുദീസാ നഷ്ടം
2. ജീവവൃക്ഷത്തിൽ നിന്ന് മനുഷ്യനെ അകറ്റി നിർത്തുന്നു.
3. പാപത്തിന്റെ ആരംഭവും തത്ഫലമായുണ്ടാകുന്ന മരണവും ദുഃഖവും വേദനയും
4. കണ്ണുനീരിന്റെ ആരംഭം
5. ശാപത്തിന്റെ ആരംഭം
6. സാത്താന്റെ രംഗപ്രവേശം
7. സമുദ്രത്തേയും കരയേയും വേർതിരിക്കുന്നു.
8. പ്രകാശത്തെയും അന്ധകാരത്തെയും വേർതിരിക്കുന്നു.
9. ദൈവം മനുഷ്യനോടുകൂടി നടക്കുന്നു.
10. മനുഷ്യൻ ദൈവം ഒരുക്കിയ തോട്ടത്തിൽ
11. ഏദനിൽ നിന്നു പുറപ്പെടുന്ന നദി.
12. വീണ്ടെടുപ്പുകാരന്റെ വാഗ്ദത്തം

**വെളിപ്പാടിൽ**

1. പറുദീസാ ലാഭം
2. ജീവവൃക്ഷത്തിൽ നിന്നുള്ള ഫലം യഥേഷ്ടം ഭക്ഷിക്കാം.
3. പാപവും അതിന്റെ ഫലമായ മരണവും ദുഃഖവും വേദനയും എന്നന്നേക്കുമായി ഇല്ലാതാകുന്നു.
4. കണ്ണുനീർ എല്ലാം ദൈവം തുടച്ചുകളയും
5. ശാപം ഇനി ഇല്ല.
6. സാത്താനെ എന്നേക്കുമായി നരകത്തിൽ തള്ളിക്കളയുന്നു.
7. സമുദ്രം ഇനി ഇല്ല
8. രാത്രി അവിടെ ഇല്ല
9. ദൈവം മനുഷ്യനോടുകൂടി വസിക്കുന്നു.
10. മനുഷ്യൻ ദൈവം ഒരുക്കിയ പട്ടണത്തിൽ
11. ദൈവസിംഹാസനത്തിൽനിന്ന് ഒഴുകുന്ന നദി.
12. വീണ്ടെടുപ്പ് പൂർത്തീകരിക്കപ്പെടുന്നു. (തുടരും)

ചെയ്ത കാരണത്താൽ ദൈവകൃപ ലഭിച്ച നീതി മാനായ നോഹയെ തന്റെ കുടുംബത്തോടൊപ്പം രക്ഷിച്ചത്, കൃപ കർത്താവു നിമിത്തം നീതിയാൽ നിത്യജീവനായി വാഴുന്നു എന്നതിന്റെ തെളിവാണ്. പാപം ഹേതുവായി അന്ന് കരയിലുണ്ടായിരുന്ന സകല ജീവജാലങ്ങളെയും വെള്ളത്താൽ നശിപ്പിച്ചതോ പാപം മരണത്താൽ വാഴുന്നു എന്നതിനു ദൃഷ്ടാന്തമാണ്. അതുതന്നെയാണ് ലോത്തിന്റെ കാലത്തു സംഭവിച്ചതും. സോദോമിന്റെയും ഗൊമോരയുടെയും നാശം പാപം മരണത്താൽ വാഴുന്നുവെന്നും ലോത്തിന്റെ വിടുതൽ കൃപ ദൈവം മുഖാന്തിരം നീതിയാൽ നിത്യജീവന്നായി വാഴുന്നുവെന്നും വിളിച്ചറിയിക്കുന്നു.

പാപത്തേയും കൃപയേയും താരതമ്യപ്പെടുത്തി പൗലൊസ് പ്രസ്താവിക്കുന്ന താഴെ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ പ്രത്യേകം ശ്രദ്ധേയമാണ്.

“എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കുവേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു. ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ പാപം ശിക്ഷാവിധി കല്പിപ്പാൻ ഹേതുവായിത്തീർന്നു. കൃപാവരമോ അനേക ലംഘനങ്ങളെ മോചിക്കുന്ന നീതീകരണ വിധിക്ക് ഹേതുവായിത്തീർന്നു. ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും” (റോമർ 5:15-17).

രക്ഷയുടെ അനുഭവത്തിലായവൻ രക്ഷയിൽ സന്തോഷിക്കുന്നു. കൃപയാലാണ് താൻ രക്ഷിക്കപ്പെട്ടതെന്ന് സാക്ഷിക്കുവാൻ അവൻ സന്തുഷ്ടനാണ്. പക്ഷേ അതു സാക്ഷ്യത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. പ്രവൃത്തിയിലൂടെ വെളിപ്പെടുത്തേണ്ടത് ആവശ്യമാണ്. കൃപയുടെ വർദ്ധനവ് എപ്രകാരമാണെന്ന് പൗലൊസ് പറയുന്നത് നോക്കുക. “നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചുമിരിക്കുന്നു” (1 തിമൊ. 1:14). വർദ്ധിച്ച കൃപ അനുഭവിക്കുന്ന ഒരു വിശ്വാസിയിൽ കർത്താവിലുള്ള വിശ്വാസവും കർത്താവിനോടുള്ള സ്നേഹവും വർദ്ധിച്ചു വരേണ്ടതാണ്. “ശുദ്ധഹൃദയം, നല്ല മനസാക്ഷി, നിർവ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹമാണ്” (1 തിമൊ. 1:5) യഥാർത്ഥ സ്നേഹം. ആദിമ നൂറ്റാണ്ടിൽത്തന്നെ ഇവ വിട്ടുമാറി വൃഥാ വാദത്തിലേക്ക് തിരിഞ്ഞ് ധർമ്മോപദേഷ്ടാക്കന്മാരാകുവാൻ ഇച്ഛിക്കുന്നവർ ഉണ്ടായിരുന്നുവെന്ന് അപ്പൊസ്തലൻ വ്യക്തമാക്കുന്നു (1 തിമൊ. 1:6). തങ്ങൾ പറയുന്നത് ഇന്നതെന്നും സ്ഥാപിക്കുന്നത് ഇന്നതെന്നും ഗ്രഹിക്കാത്തവരാണ് അക്കൂട്ടർ (1 തിമൊ. 1:7). ഇക്കാലത്ത് ഇക്കൂട്ടർ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതിനു സംശയമില്ല. വിശ്വാസവും നല്ല മനസാക്ഷിയുമുള്ളവരായി അവയെ അനുസരിച്ച് നല്ല യുദ്ധസേവ ചെയ്യുന്നവരാണ് കർത്താവ് മാനിക്കുന്ന യോദ്ധാക്കൾ. നല്ല മനസാക്ഷി തള്ളിക്കളയുന്നവരെ സംബന്ധിച്ച് അവർ വിശ്വാസക്കപ്പൽ തകർന്നുപോയവരെന്നാണ് പൗലൊസ് പറയുന്നത് (1 തിമൊ. 1:19). ഹുമനയൊസ്, അലെക്സന്തർ എന്നിവരെ ചൂണ്ടിക്കാണിച്ചുകൊണ്ട് പൗലൊസ് പറയുന്നു “അവർ ദുഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിന് ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു” (1 തിമൊ. 1:20). കൊരിന്ത്യസഭയിൽ ജാതികളിൽപോലും ഇല്ലാത്ത ദുർനടപ്പ് വെച്ചു പുലർത്തിയവനും വിധിച്ച ശിക്ഷ സാത്താനെ ഏല്പിക്കുക എന്നതായിരുന്നു (1 കൊരി. 5:5). ഇക്കാര്യങ്ങളൊക്കെ ഉള്ള നിലയിൽ മനസ്സിലാക്കി കൃപയാൽ വിശ്വാസംമൂലം ദൈവമക്കളായിത്തീർന്ന വിശ്വാസികൾ വൃഥാ വാദങ്ങളും ദൂഷണം പറച്ചിലുമൊക്കെ അവസാനിപ്പിച്ച് വർദ്ധിച്ച കൃപയിൽ തുടർന്നു ജീവിക്കയും കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരികയും ചെയ്തെങ്കിൽ എത്ര നന്നായിരുന്നു. ●

## വരിസംഖ്യ കുടിശ്ശികക്കാരുടെ ശ്രദ്ധയ്ക്ക്

ആത്മപ്രകാശിനി മാസികയുടെ വാർഷിക വരിസംഖ്യ ഇന്ത്യയിൽ Rs 50 ഉം വിദേശ രാജ്യങ്ങളിൽ Rs. 500 ഉം മാത്രമാണുള്ളത്. ഇത് ക്രമമായി അയച്ചുതരുന്ന കാര്യത്തിൽ പലരും മുടക്കം വരുത്തുന്നതിനാൽ കുടിശ്ശിക 2009 ൽത്തന്നെ തീർത്ത് തുടർന്നുള്ള മാസികകൾ ലഭിക്കത്തക്കവണ്ണം ഉറപ്പാക്കണമെന്ന് സെപ്റ്റം. ലക്കം മാസികയിൽ അറിയിപ്പു നൽകിയിരുന്നു. 3 വർഷം മുതൽ കുടശ്ശിക ഉള്ളവർക്കും കത്തുകൾ മൂലം വിവരം അറിയിച്ചിരുന്നു. തത്ഫലമായി പലരും കുടിശ്ശിക അയച്ചുതന്ന് സഹകരിച്ചുവെന്ന് ഓർക്കുകയും അവരോടുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു. ഇനിയും പ്രതികരിക്കാതെയിരിക്കുന്ന കുടിശ്ശികക്കാർക്ക് 2010 ജനു. ലക്കം മുതൽ മാസിക ലഭിക്കുന്നതല്ലായിരിക്കുമെന്ന് സ്നേഹപൂർവ്വം അറിയിച്ചുകൊള്ളുന്നു. മാന്യമിത്രങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. എന്ന് മാനേജർ

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 34

DR. JOHNSON GEORGE, TORONTO, CANADA

## അദ്ധ്യായം 25. ഡാർവിന്റെ വാദത്തിൽ എത്ര മാത്രം സത്യം ഉണ്ടായിരുന്നു?

ഡാർവിന്റെ പരിണാമവാദത്തിൽ എന്തെങ്കിലും സത്യമുണ്ടോ? ഇല്ല എന്ന് നമ്മിൽ പലരും ചിന്തിച്ചേക്കാം. ഡാർവിൻ തന്റെ നിഗമനങ്ങളിൽ പൂർണ്ണമായും തെറ്റായിരുന്നുവെങ്കിൽ പരിണാമവാദം പണ്ടേ കാലഹരണപ്പെട്ടുപോയേനെ. എല്ലാ എതിർപ്പുകളെയും അതിജീവിച്ച് പരിണാമവാദം ഇന്നും ജീവിക്കുന്നത് അത് സത്യത്തിന്റെയും അസത്യത്തിന്റെയും ഒരു കുടില മിശ്രിതമായതുകൊണ്ടാണ്.

അത് വർഷങ്ങൾ നീണ്ടുനിന്ന തന്റെ പ്രസിദ്ധമായ HMS Beagle കപ്പൽ യാത്രക്കിടയിൽ (1831–1836) ഡാർവിൻ പസിഫിക് മഹാസമുദ്രത്തിൽ ദക്ഷിണ അമേരിക്കയോട് ചേർന്ന് കിടക്കുന്ന ഗാലാപാഗോസ് ദ്വീപസമൂഹങ്ങളിൽ എത്തി. അവിടെയുള്ള പല ജീവികളെയും പരിശോധിച്ചതിനോടൊപ്പം താൻ ഫിൻച് (Finch) പക്ഷികളെയും നിരീക്ഷിച്ചു. ഓരോ ദ്വീപിലും അല്പം വ്യത്യാസങ്ങളോടു കൂടിയ ഫിൻച് പക്ഷി സമൂഹങ്ങളെ കാണുവാൻ സാധിച്ചത് തന്നെ അത്ഭുതപ്പെടുത്തി. ഈ വ്യത്യസ്ത ഇനങ്ങളെ താൻ സ്പെസിമനുകളായി ശേഖരിക്കുകയും കപ്പൽ യാത്രയുടെ ഒടുവിൽ ലണ്ടനിലേക്ക് കൊണ്ടുവരികയും ചെയ്തു. ഈ പക്ഷികളെ താൻ ലണ്ടനിലെ സുവോളജിക്കൽ സൊസൈറ്റിക്ക് സമ്മാനിച്ചു. ഫിൻച് പക്ഷികളുടെ വ്യത്യസ്ത ഇനങ്ങളാണ് എന്ന് കരുതി ഡാർവിൻ ശേഖരിച്ച പക്ഷികൾ വാസ്തവത്തിൽ ഫിൻചിന്റെ 12 വ്യത്യസ്ത സ്പീഷിസുകളാണ് എന്ന് പക്ഷിശാസ്ത്രജ്ഞനായ John Gould പ്രഖ്യാപിച്ചു. പിന്നീട് ശാസ്ത്രജ്ഞന്മാർ ഗാലാപാഗോസ് ദ്വീപസമൂഹങ്ങളിൽ ഫിൻചിന്റെ ഒരു സ്പീഷീസിനെക്കൂടി തിരിച്ചറിഞ്ഞു. ഈ 13 സ്പീഷീസുകളെ ഇന്ന് ഡാർവിന്റെ ഫിൻചുകൾ അല്ലെങ്കിൽ ഗാലാപാഗോസ് ഫിൻചുകൾ എന്ന് വിളിക്കുന്നു. ഈ സ്പീഷീസുകളെല്ലാം ഒരു കുരുവിയുടെ വലിപ്പമുള്ള കറുത്ത പക്ഷികളാണ്. പക്ഷേ അവയുടെ ചുണ്ടിന്റെ ആകൃതിയിലും വലിപ്പത്തിലും (Shape and size of the beak) വ്യത്യാസം ഉണ്ട്.

ഫിൻചിന്റെ വ്യത്യസ്ത സ്പീഷീസുകൾ ഫിൻചിന്റെ ഒരു ആദിമ ഇണയിൽ (original pair) നിന്ന് ഉണ്ടായിവന്നവയാണെന്നും അതുകൊണ്ട് പ്രകൃതിയിൽ speciation (പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നത്) സംഭവിക്കുന്നുണ്ടെന്നും ഡാർവിൻ വിശ്വസിച്ചു. ഫിൻച് പക്ഷികളുടെ ഇടയിൽ speciation നടന്നിട്ടുണ്ടെങ്കിൽ മറ്റ് എല്ലാ ജീവികളിലും ഇത് സംഭവിച്ചിട്ടുണ്ടെന്ന് ഡാർവിൻ തീരുമാനിച്ചു. പുതുതായി ഉണ്ടാകുന്ന സ്പീഷീസ് പലപ്പോഴും പിതൃജീവിയിൽ (parent) നിന്നും വ്യത്യസ്തമായി പരിണമിച്ച് പുതിയ തരങ്ങളെ (kinds) ജനിപ്പിക്കുന്നു എന്നും ഭൂമിയുടെ ചരിത്രത്തിൽ നീണ്ട യുഗങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ള ലായലിന്റെ വാദത്തെ ആശ്രയിച്ച് ഇന്ന് കാണുന്ന എല്ലാ ജീവികൾക്കും പരിണമിച്ച് ഉണ്ടാകുവാനുള്ള സമയം ഭൂമിയുടെ ചരിത്രത്തിൽ ലഭിച്ചിട്ടുണ്ട് എന്നും താൻ വിശ്വസിച്ചു. ഇങ്ങനെ പരിണാമ ആശയങ്ങൾ ഡാർവിന്റെ മനസിൽ രൂപപ്പെട്ടു വരികയും 1859–ൽ തന്റെ പ്രസിദ്ധ പുസ്തകമായ The origin of species ലൂടെ അവ വെളിച്ചത്ത് വരികയും ചെയ്തു.

ഡാർവിന്റെ ആശയങ്ങളിൽ എന്തെങ്കിലും സത്യം ഉണ്ടോ? ഇതിനുത്തരമായി ആദ്യം നാം രണ്ട് പദങ്ങൾ - വ്യതിയാനവും (Variation)പരിണാമവും (evolution) തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജീവികളുടെ അടുത്ത തലമുറയിൽ ചെറിയ വ്യത്യാസങ്ങൾ കാണപ്പെടുന്നതിനെ വ്യതിയാനം എന്നു പറയുന്നു. ഈ വ്യത്യാസങ്ങൾ പല തലമുറകളിലായി ഒന്നിക്കുമ്പോൾ പിതൃജീവിയിൽനിന്നും സ്വഭാവത്തിലോ രൂപത്തിലോ അല്പം വ്യത്യാസമുള്ള ഒരു പുതിയ സമൂഹം ജനിക്കുന്നു. ഈ പുതിയ സമൂഹം ഒരു പുതിയ സ്പീഷീസ് ആയി മാറുവാൻ സാദ്ധ്യതയുണ്ട്. ഇങ്ങനെ വ്യതിയാനം എന്ന പ്രക്രിയ ഒടുവിൽ പുതിയ സ്പീഷീസുകളെ ജനിപ്പിക്കുന്നു. വ്യതിയാനത്തെ ചിലപ്പോൾ micro evolution എന്നും പറയുന്നു. നേരെ മറിച്ച് പരിണാമം എന്നു പറയുന്നത് പ്രകൃതിയിൽ നേരിട്ട് കണ്ടിട്ടില്ലാത്ത കല്പിതമായ (assumed) ഒരു പ്രക്രിയ ആണ്. പുതിയതായി ഉണ്ടാകുന്ന സ്പീഷീസ് ചിലപ്പോൾ പിതൃജീവിയിൽ (parent) നിന്നും തികച്ചും വ്യത്യസ്തമായിരിക്കും എന്നും അങ്ങനെ ഒരു പുതിയ തരം ജീവി ഉണ്ടായി വരുമെന്നുമുള്ള വിശ്വാസത്തെ ആണ് പരിണാമം എന്ന് പറയുന്നത്. ഇതിനെ ചിലപ്പോൾ micro evolution എന്നും പറയുന്നു.

പ്രകൃതിയിൽ വ്യതിയാനം (micro evolution) നേരിട്ട് നിരീക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ പരിണാമം (micro evolution) നടന്നിട്ടുള്ളതായിട്ടൊ നടക്കുന്നതായിട്ടോ ഉള്ള തെളിവുകൾ ഇല്ല. വ്യതിയാനത്താൽ പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നുണ്ട്. പക്ഷേ ഈ സ്പീഷീസുകൾ ഒന്നും ഉയർന്ന ഒരു 'തരം' ആയി മാറുന്നില്ല. ഉണ്ടാകുന്ന സ്പീഷീസുകൾ അതാതു തരത്തിനുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഉദാഹരണത്തിന് ഇന്ന് കൊതുകിന്റെ ഏകദേശം 3500 ഓളം സ്പീഷീസുകളെ തിരിച്ചറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവയെല്ലാം കൊതുകിന്റെ ഒരു ആദിമ ഇണയിൽ (Original pair) നിന്ന് ഉണ്ടായി വന്നവയാണ്. പക്ഷേ ഇവ വ്യത്യസ്ത സ്പീഷീസുകൾ ആണെങ്കിലും ഇപ്പോഴും കൊതു

കുകൾതന്നെ ആയി തുടരുന്നു എന്ന കാര്യം ചിന്തിക്കുക. ഇവയൊന്നും ഈച്ചയോ വണ്ടോ മറ്റു കീടങ്ങളോ ആയി മാറിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഇങ്ങനെ ഓരോ ഉദാഹരണങ്ങളും നാം ശ്രദ്ധിക്കുമ്പോൾ പ്രകൃതിയിൽ പരിണാമം നടക്കുന്നതായിട്ടോ നടന്നിട്ടുള്ളതായിട്ടോ കാണുന്നുണ്ടോ? ഇല്ല. ഇന്ന് പ്രകൃതിയിൽ നടക്കുന്നത് വ്യതിയാനം മാത്രമാണ്.

ഗാലാപാഗോസ് ദ്വീപസമൂഹങ്ങളിലെ ഫിൻചിന്റെ 13 സ്പീഷീസുകൾ അവയുടെ ഒരു ആദിമ ഇണയിൽ നിന്ന് ഉണ്ടായിവന്നവയാണെന്നുള്ള ഡാർവിന്റെ നിഗമനം ശരിയായിരുന്നു. പക്ഷേ ഫിൻചിന്റെ ചില സ്പീഷീസുകൾ പരിണമിച്ച് മറ്റ് തരം (kind) പക്ഷികളായി മാറിയിട്ടുണ്ട് എന്നോ അല്ലെങ്കിൽ ഭാവിയിൽ മാറും എന്നോ ഉള്ള ഡാർവിന്റെ അനുമാനം തെറ്റായിരുന്നു. അങ്ങനെ വ്യതിയാനത്തെക്കുറിച്ച് ഡാർവിന്റെ അഭിപ്രായം ശരിയും പരിണാമത്തെക്കുറിച്ച് തന്റെ അഭിപ്രായം തെറ്റും ആയിരുന്നു.

ഗാലാപാഗോസ് ഫിൻചിന്റെ 13 സ്പീഷീസുകളും ഫിൻചിന്റെ ഒരു ആദിമഇണയിൽ നിന്ന് ഉണ്ടായിവന്നവയാണെന്ന് ഇന്ന് പരിണാമവാദികളും സൃഷ്ടിവാദികളും ഒരുപോലെ സമ്മതിക്കുന്നു. പക്ഷേ ഇവയെല്ലാം ഉണ്ടായിവരുവാൻ എത്രകാലം എടുത്തു എന്ന കാര്യത്തിൽ ഇരുകൂട്ടരും വിയോജിക്കുന്നു. ഒരു പുതിയ സ്പീഷീസ് ഉണ്ടാകുന്നത് ആയിരക്കണക്കിന് വർഷങ്ങളായി പല തലമുറകളിലൂടെ നടക്കുന്ന ഒരു സാവധാനമായ പ്രക്രിയ ആണെന്ന് പരിണാമവാദികൾ വിശ്വസിക്കുന്നു. പക്ഷേ സൃഷ്ടിവാദികൾക്ക് ഓരോ തരത്തിനുള്ളിലും (kind) പുതിയ സ്പീഷീസുകൾ ഉണ്ടായി വരുവാൻ ലഭ്യമായ സമയം ഏകദേശം 4500 വർഷങ്ങൾ മാത്രമാണ്. അതായത് നോഹയുടെ കാലത്തെ ജലപ്രളയത്തിന് ശേഷമുള്ള കാലം. ഇന്ന് കാണുന്ന എല്ലാ സ്പീഷീസുകളും ഉണ്ടായി വരുവാൻ ഈ സമയം മതിയായതാണോ?

ഉല്പത്തി പുസ്തകത്തിലെ വിവരണം ആസ്പദമാക്കി ചിന്തിക്കുമ്പോൾ ഗാലാപാഗോസ്ഫിൻചുകൾ ഉൾപ്പെടെ ഭൂമിയിലുള്ള ഫിൻചിന്റെ എല്ലാ സ്പീഷീസുകളും ഉണ്ടായി വന്നത് നോഹയുടെ പെട്ടകത്തിൽ നിന്നിറങ്ങി വന്ന ഫിൻചിന്റെ ഒരു ഇണയിൽ നിന്നാണ് (ഉല്പത്തി 8:15–17). പക്ഷേ പ്രളയത്തിനുശേഷം ഇന്നുവരെയുള്ള ഏകദേശം 4500 വർഷങ്ങൾ ഈ സ്പീഷീസുകൾ ഉണ്ടാകുവാൻ പര്യാപ്തമായിരുന്നുവോ? ഏകദേശം 18 വർഷങ്ങളോളം ഗാലാപാഗോസ് ഫിൻചുകളെക്കുറിച്ച് പഠിച്ചതിനുശേഷം പ്രിൻസ്റ്റൺ സുവോളജി പ്രൊഫസർ ആയ Peter Giant പറഞ്ഞിരിക്കുന്നത് ഈ സ്പീഷീസുകൾ എല്ലാം ഉണ്ടായി വരുവാൻ ഏകദേശം 1200 വർഷങ്ങൾ മതിയായിരുന്നു എന്നാണ്. പുതിയ സ്പീഷീസുകൾ ഉണ്ടായി വരുവാൻ പല ആയിരക്കണക്കിന് വർഷങ്ങൾ വേണ്ടി വരും എന്ന പരിണാമവാദികളുടെ വിശ്വാസം തെറ്റാണ്.

'പരിണാമം പുരോഗതിയിൽ' (evolution in progress) എന്നതിന് തെളിവായിട്ടാണ് പലപ്പോഴും ഗാലാപാഗോസ് ഫിൻചുകളെ പാഠപുസ്തകങ്ങളിൽ കാണിക്കുന്നത്. പക്ഷേ വാസ്തവത്തിൽ ഗാലാപാഗോസ് ഫിൻചുകൾ വ്യതിയാനത്തിന് (variation) തെളിവായിട്ട് മാത്രമേ നിൽക്കുന്നുള്ളൂ. ദൈവം എല്ലാ ജീവികളെയും അതതു തരമായി (ഉല്പത്തി 1:24) സൃഷ്ടിച്ചപ്പോൾ, ഒരു പരിധി വരെ അവയിൽ വ്യത്യാസങ്ങൾ വരുത്തുവാനുള്ള കഴിവോടുകൂടെയാണ് അവയെ സൃഷ്ടിച്ചത്. ഭൂമിശാസ്ത്രപരമായി പുതിയ ചുറ്റുപാടിൽ അവ എത്തിച്ചേരുമ്പോൾ അവിടെയുള്ള കാലാവസ്ഥയും മാറ്റങ്ങളുമായി പൊരുത്തപ്പെട്ടു പോകാനാണ് ദൈവം ജീവികൾക്ക് ഈ കഴിവ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് വ്യതിയാനം (variation) അതിജീവിതത്തിനുവേണ്ടി ദൈവം ജീവികൾക്ക് കൊടുത്തിരിക്കുന്ന ഒരു കഴിവാണ് ഇത്. ഒരു വിധത്തിലും പരിണാമത്തിലേക്കുള്ള ചവിട്ടുപടിയല്ല.

വ്യതിയാനം മൂലം പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നുണ്ട് എന്നത് ശരിയാണ്. പക്ഷേ ഈ പുതിയ സ്പീഷീസുകൾ എപ്പോഴും ദൈവം സൃഷ്ടിച്ച അതാതു തരങ്ങൾക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഒരു തരത്തിനുള്ളിലെ സ്പീഷീസുകൾ പരിണമിച്ച് ഒരിക്കലും വേറൊരു തരമായി മാറുന്നില്ല. ഇന്ന് കാണുന്ന ജീവികളുടെ എല്ലാ തരങ്ങളെയും (kind) ദൈവം സൃഷ്ടിച്ചതാണ്. അവയ്ക്കുള്ളിൽ കാണുന്ന സ്പീഷീസുകൾ നോഹയുടെ കാലത്തെ ജലപ്രളയത്തിനുശേഷം ഉണ്ടായി വന്നവയുമാണ്.

വ്യതിയാനം മൂലം പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നുണ്ട് എന്ന് ഡാർവിൻ മനസിലാക്കിയത് ശരിയായിരുന്നു. ഈ അടിസ്ഥാനത്തിലാണ് തന്റെ പുസ്തകത്തിന് The Origin of Species എന്ന് പേരിട്ടത്. പക്ഷേ വ്യതിയാനം പരിണാമത്തിലേക്കുള്ള ചവിട്ടുപടിയാണെന്ന് താൻ വിശ്വസിച്ചത് തെറ്റായിപ്പോയി. പ്രകൃതിയിൽ പരിണാമം നടന്നിട്ടില്ല, നടക്കുന്നുമില്ല എന്ന് ശാസ്ത്രലോകം സമ്മതിക്കേണ്ടുന്ന സമയം കഴിഞ്ഞിരിക്കുന്നു. പക്ഷേ ഈ സത്യം മനസിലാക്കിയാലും പലരും പരിണാമം എന്ന ആശയത്തിലുള്ള വിശ്വാസം വെടിയുവാൻ തയ്യാറാകുകയില്ല. കാരണം പിന്നെയുള്ള ഏക പോംവഴി (alternative) സൃഷ്ടിയിലും ദൈവത്തിലും വിശ്വസിക്കുക എന്നതാണ്. ബുദ്ധിജീവികൾ എന്ന് അഭിമാനിക്കുന്ന പല ശാസ്ത്രജ്ഞന്മാർക്കും അതിന് മനസ്സില്ല (റോമർ 1:19–22). (തുടരും)

# ഒരുക്കമുള്ള ആരാധന (തുടർച്ച)

## ആരാധനയിൽ പാട്ടുകൾക്കുള്ള സ്ഥാനം

എസ്.ജി. ഗിൽബർട്ട്, ആറാമട

സംഗീതംപോലെ മനുഷ്യഹൃദയങ്ങളെ സ്വാധീനിക്കാൻ കഴിവുള്ള വേറൊരു മാധ്യമം ഉണ്ടെന്നു തോന്നുന്നില്ല. സംഗീതം ദൈവീകമായി ലഭിക്കുന്ന വരദാനമാണ്. ദൈവത്തെ സ്തുതിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനും രചിക്കപ്പെടുന്നവയാണ് ഗാനങ്ങൾ. പാട്ടുകളിലൂടെ ദൈവത്തെ സ്തുതിക്കാനും മഹത്വപ്പെടുത്താനും സാധിക്കും. ചിട്ടയായ ആരാധനയിൽ സംഗീതത്തിന് വലിയ സ്ഥാനമുണ്ട്.

**A. പാട്ടുകൾക്കുള്ള സ്ഥാനം**

**1. സ്വർഗ്ഗീയ ആരാധന**

സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം ഗാനം കേൾക്കാൻ ഇഷ്ടപ്പെടുന്നു. സംഗീതത്തിലെ സപ്തസ്വരങ്ങൾ ദൈവദാനമാണ്. സംഗീതത്തിന്റെ ഉത്ഭവവും സർവ്വകലാവല്ലഭനായ ദൈവത്താലാണ്. പാപം ചെയ്ത് സാത്താനായിത്തീർന്ന കെരുബു വർഗ്ഗത്തിൽപ്പെട്ട ലൂസിഫർ സംഗിത വിദ്വാൻ കൂടിയായിരുന്നു. "നിന്നെ തീർത്ത നാളിൽ നിന്നിലുള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു" (യെഹ. 28:13). ഇംഗ്ലീഷിൽ ആ ഭാഗം ഇങ്ങനെ വായിക്കുന്നു. "The workmanship of your timbrels and pipes was prepared for you on the day you were created"ലൂസിഫർ സ്വർഗ്ഗത്തിലെ ഗായകസംഘത്തിലെ തലവൻ ആയിരുന്നു. അവന്റെ ശരീരത്തിൽ തന്നെ മ്യൂസിക് ഘടിപ്പിച്ചിട്ടുണ്ട്. പാപം ചെയ്തപ്പോൾ ദൈവം അവനെ ആ സ്ഥാനത്തുനിന്നു മാറ്റി. അവൻ സാത്താനായി മാറി.

ദൈവം സംഗീതം വളരെ ഇഷ്ടപ്പെടുന്നു. സംഗീതത്തിലെ ശരിയായ ചിട്ടയും രീതിയും താളവും അനുസരിച്ച് ദൈവത്തെ സൃഷ്ടികൾ പാടി മഹത്വപ്പെടുത്തണം എന്ന് ദൈവം ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധജീവികളായ സാറാഫുകൾ പാടി ദൈവത്തെ മഹത്വപ്പെടുത്തുന്നു (യെശ. 6:1–6). യേശുക്രിസ്തുവിന്റെ ജനനസമയത്ത് വെളിപ്രദേശത്ത് ആട്ടിൻകൂട്ടങ്ങൾക്ക് കാവൽകിടന്ന ആട്ടിടയന്മാർക്ക് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ട് യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിക്കുന്നു. അതോടൊപ്പം സ്വർഗ്ഗീയ സൈന്യം പാടി ദൈവത്തെ മഹത്വപ്പെടുത്തുന്നു (ലൂക്കൊസ് 2:13).

"ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരുന്നു" (വെളി. 4:8). സ്വർഗ്ഗത്തിൽ ദൈവജനം പാട്ടുപാടുന്നു. ജീവികളും ദൂതന്മാരും പാടുന്നു (വെളി. 5:10–11). സീയോൻ മലയിൽ സ്വർഗ്ഗീയ മണവാളനോടൊത്ത് കാന്തയായ സഭയുടെ മനോഹരമായ ഗാനം കേൾക്കുന്നു (വെളി. 14:1–2). കഴിഞ്ഞ നിത്യതയിലും വരുവാനുള്ള നിത്യതയിലും ദൈവത്തെ ആരാധിക്കുന്നതിൽ പാട്ടിന് വലിയസ്ഥാനം ഉണ്ട്.

**2. ഗാനങ്ങൾ പഴയനിയമ ആരാധനയിൽ**

പഴയനിയമ ആരാധനകളിൽ ഗാനങ്ങൾക്ക് വലിയ സ്ഥാനം ഉണ്ട്. ദൈവത്തെ പുകഴ്ത്തുന്നതും മഹത്വപ്പെടുത്തുന്നതുമാണ് ഗാനങ്ങൾ. ഗാനങ്ങൾ ആരാധനയിൽ വളരെ സ്വാധീനം ചെലുത്തിയിരുന്നതിന്റെ തെളിവാണ് 150 സങ്കീർത്തനങ്ങൾ. സങ്കീർത്തനങ്ങളെല്ലാം ദൈവത്തിന്റെ മഹത്വത്തെ വിവിധ നിലകളിൽ വർണ്ണിച്ചിരിക്കുന്ന അതിമനോഹര ഗാനങ്ങളാണ്. ഓരോ ഗാനങ്ങളുടെ രീതിയും താളവും എല്ലാം അവിടവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. അതതിന്റെ താളത്തിലും മേളത്തിലുമാണ് പാട്ടുകൾ പാടേണ്ടത്. പഴയനിയമ ആരാധനയിൽ എല്ലാ തലങ്ങളിലും ഗാനങ്ങൾ നിറഞ്ഞു നിന്നിരുന്നു.

**3. ഗാനങ്ങൾ പുതിയനിയമ ആരാധനയിൽ**

ഒന്നാം നൂറ്റാണ്ടിൽ പുതിയനിയമ കൂടിവരവുകളിൽ സംഗീതത്തിനു വളരെ പ്രാധാന്യം ഉണ്ടായിരുന്നു. "ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും". . . . (എഫെ. 5:19; കൊലൊ 3:16). ആരാധന മീറ്റിംഗിൽ സങ്കീർത്തനങ്ങളും സ്തുതികളും ആത്മീയ ഗീതങ്ങളും ഉപയോഗിച്ചിരുന്നു.

മറ്റുള്ള യോഗങ്ങളിൽ നിന്നും വ്യത്യസ്തമാണ് ആരാധന യോഗം. മറ്റു യോഗങ്ങളിൽ പാടുന്ന എല്ലാ പാട്ടുകളും കീർത്തനങ്ങളും ആരാധനയിൽ പാടാൻ പാടില്ല. ധ്യാനപരമായും ഭക്തിപരമായിട്ടുള്ളവ മാത്രമേ പാടാവൂ. പാട്ടുകൾ പാടുമ്പോൾ അതിന്റെ അർത്ഥം മനസ്സിലാക്കി പാടണം. അപ്പോഴാണ് ആത്മാവിൽ പാടുവാൻ സാധിക്കുന്നത്. പാട്ടിന്റെ അർത്ഥം മനസ്സിലാക്കി ധ്യാനിച്ച് പാട്ടുകൾ പാടിയില്ലെങ്കിൽ നമ്മുടെ ചിന്തകൾ പതറുകയും പാട്ടുപാടുന്നതിലൂടെ കർത്താവിനെ ആത്മാവിൽ ആരാധിക്കാൻ കഴിയാതെ വരുന്നു.

# പ്രായോഗിക ക്രിസ്തീയ ജീവിതം – 2

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

## ക്രിസ്തുവിന്റെ രക്തത്താൽ ലഭിച്ച വിശേഷതകൾ

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്. സഭാംഗങ്ങളെ സ്ത്രീ–പുരുഷ വ്യത്യാസമില്ലാതെ പൊതുവേ സംബോധന ചെയ്തിരിക്കുന്ന പദമാണ് “വിശ്വാസികൾ” എന്നത്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തെ ആദ്യമായി വിളിച്ചിരിക്കുന്നത് ‘വിശ്വസിച്ചവർ” (Believers)എന്നാണ് (അപ്പൊ. 2:44). ഏകദേശം 80ൽ പരം പ്രാവശ്യം ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ദൈവം നമ്മെ രക്ഷിച്ചത് യേശുക്രിസ്തുവിന്റെ ക്രൂശിൽ ചൊരിയപ്പെട്ട രക്തത്താലാണ്. കർത്താവായ യേശുക്രിസ്തു നമുക്ക് ദൈവത്തിൽ നിന്നുള്ള ജ്ഞാനമായി ത്തീർന്നു. ആ ജ്ഞാനം അവൻ നമുക്ക് നീതീകരണവും ശുദ്ധീകരണവും വീണ്ടെടുപ്പുമായി ത്തീർന്നു എന്നതാണ് (1 കൊരി. 1:30). ദൈവജ്ഞാനത്തിൽ മറഞ്ഞുകിടന്നിരുന്ന ഈ മർമ്മം ദൈവം നമുക്ക് ജ്ഞാനമായി വെളിപ്പെടുത്തിതന്നു. ക്രുശിക്കപ്പെട്ട ക്രിസ്തു യഹൂദന്മാർക്ക് ഇടർച്ച കല്ലായി തീർന്നു. ക്രൂശിതനായ ക്രിസ്തുവായിട്ടല്ല, പ്രത്യുത ഒരു ജയാളിയായ രാഷ്ട്രീയ നേതാവായിട്ടാണ് അവർ മശിഹായെ പ്രതീക്ഷിച്ചിരുന്നത്. കുറ്റക്കാരനായി ക്രൂശിക്കപ്പെട്ട ഒരു വ്യക്തിയെ ബഹുമാനിപ്പാനും രക്ഷകനായി കാണുവാനും റോമാക്കാരുടെയും ഗ്രേക്കരുടെയും ചിന്തയ്ക്ക് ഭോഷത്വമായി തോന്നി. എന്നാൽ നമുക്കോ അവനെ ദൈവശക്തിയും ദൈവജ്ഞാനവുമായി ദൈവം വെളിപ്പെടുത്തി തന്നു. അവൻ നമുക്ക് ദൈവത്തിൽ നിന്നും നീതീകരണവും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു.

### നീതീകരണം

‘നീതീകരണം’ എന്ന വാക്കിന് “ശരിയായ നിലയിൽ ആയിരിക്കുക” എന്നാണാശയം. ദൈവം നീതീകരിച്ചു എന്നു പറഞ്ഞാൽ നമ്മെ ശരിയായ നിലയിൽ ആക്കിത്തീർത്തു എന്നാണർത്ഥം. ദൈവംനീതിമാനാകുന്നു (സങ്കീ. 7:9; ഉല്പത്തി 18:25;യെശ. 45:21). ദൈവം നീതിമാനാകയാൽ മനുഷ്യനും നീതിമാനായിരിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. പാപത്തിന്റെ ഫലമായി മനുഷ്യൻ ശിക്ഷക്ക് അർഹനായി (ഉല്പത്തി. 3:19). യിസ്രായേൽ പാപം ചെയ്തതിന്റെ ഫലമായി അവരും ശിക്ഷായോഗ്യരായി (യിര. 7:34; യെഹ. 5:10, 17). പ്രവാസത്തിൽ നിന്നും മടങ്ങിവന്ന യിസ്രായേലും ദൈവസന്നിധിയിൽ നീതിമാന്മാരായിരുന്നില്ല. ദൈവീകന്യായപ്രമാണം നിറവേറ്റുന്നതിൽ അവർ അശക്തരായിരുന്നു (ഹഗ്ഗായി 1:5,6; മലാഖി 1:7, 10;2:9)

ആകയാൽ മനുഷ്യൻ ദൈവസന്നിധിയിൽ നീതീകരിക്കപ്പെടേണ്ടതിന് ദൈവംതന്നെ പ്രവർത്തിക്കേണ്ടി വന്നു. നീതീകരിക്കുന്നവൻ ദൈവമാണ്. നാം ഇച്ഛിക്കാത്തത് പ്രവർത്തിക്കുന്ന പാപം നമ്മെ ബന്ധനാക്കിക്കളയുന്നു. ഈ വിധം ദ്രവത്വമുള്ള ശരീരത്തിന്റെ ബന്ധനത്തിൽ നിന്നും പാപത്തിന്റെ ശക്തിയിൽ നിന്നും നമുക്ക് വിടുതൽ ലഭിച്ചെങ്കിലേ മതിയാകൂ (റോമർ 8:20). ഈ വിടുതൽ ദൈവം തന്റെ കൃപയാൽ നമുക്ക് നൽകി. അതിനു മുഖാന്തിരമായത് യേശുക്രിസ്തുവിങ്കലെ വീണ്ടെടുപ്പിനാൽ നമുക്ക് ലഭിച്ച നീതീകരണമാണ് (റോമർ 3:24–26). നാം ദ്രവത്വത്തിന്റെ ശരീരത്താലും പാപത്താലും ബന്ധനസ്ഥരായിരുന്ന ബലഹീന അവസ്ഥയിൽ ക്രിസ്തു തക്കസമയത്ത് നമുക്കുവേണ്ടി മരിച്ചു. അഭക്തരും പാപികളുമായ നമുക്കുവേണ്ടി ക്രിസ്തു മരിച്ചത് ദൈവസ്നേഹത്തിന്റെ പ്രദർശനമായിരുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ നാം നീതീകരിക്കപ്പെട്ടു (റോമർ 5:6–9). ആകയാൽ നീതീകരണം ദൈവത്തിന്റെ പ്രവർത്തിയും മനുഷ്യന് കർമ്മത്താൽ അപ്രാപ്യവുമാണ്. രക്ഷയുടെ വ്യവസ്ഥയും പ്രാപിക്കാൻ പോകുന്ന രക്ഷയുടെ ഉറപ്പുമാണ് നീതീകരണം. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ

---

പാട്ടുകൾ പാടുമ്പോൾ അത്യാവശ്യം ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. സങ്കീർത്തനങ്ങളിൽ ഓരോ പാട്ടിന്റെയും മുകളിൽ അതിന്റെ രാഗവും താളവും കുറിച്ചിട്ടുണ്ട്. അതനുസരിച്ചാണ് പാടേണ്ടത്. കർത്താവിനെ ആരാധിക്കുമ്പോൾ പാട്ടുകൾ അടുക്കും ചിട്ടയോടുംകൂടെത്തന്നെ പാടണം. പല സഭകളിലും ആരാധനയ്ക്ക് പാട്ട് പാടുന്നതു കേട്ടാൽ ദുഃഖം തോന്നും. ഓരോരുത്തരും തനിക്ക് തോന്നുന്നതുപോലെ പാട്ടിനെ വലിച്ചിഴച്ച് പാടുന്നതായി കാണാം. പാട്ടിനെക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. പാട്ടിൽ താളവും സ്വരവും രാഗവും ശരിയായില്ലെങ്കിൽ വളരെ അരോചകത്വമായി തോന്നും. അത് ആരാധനയെ സാരമായി ബാധിക്കും. ആരാധനയിൽ പാട്ടുകൾക്കുള്ള സ്ഥാനം വളരെ വലുതാണ്. അതിനു കൃപയുള്ളവർ പാട്ടുകൾ തുടങ്ങി പാടണം. (തുടരും)

നാം അവനാൽ എത്രയധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും (റോമർ 5:9). ഇത് യേശുക്രിസ്തുവിന്റെ ഇഹലോക ജീവിതത്തിലും പാപികൾക്കായുള്ള പ്രായ്ശ്ചിത്ത മരണത്തിലും വെളിപ്പെട്ട ദൈവകൃപയുടെ കർമ്മഫലമാണ്. ആകയാൽ നീതീകരണം ദൈവം നമ്മുടെ രക്ഷയ്ക്കുവേണ്ടി ചെയ്ത പ്രവർത്തിയും നമുക്ക് കൃപയാൽ ലഭിച്ച അനുഭവവുമാണ്. പാപിയെ ശിക്ഷിക്കുക എന്നതല്ല ദൈവത്തിന്റെ ശരിയായ നീതി, പ്രത്യുത പാപിയെ ദൈവത്തെപ്പോലെ ശുദ്ധിമാനാക്കുക എന്ന പ്രവർത്തിയാണ്. അനുതാപത്തോടുകൂടി വിശ്വാസത്താൽ ആ ദാനം ദൈവത്തിൽ നിന്നും മനുഷ്യനു ലഭിക്കുന്നു. ദൈവീക കോടതിയിൽ നാം നീതിമാന്മാർ എന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

**ശുദ്ധീകരണം**

ശുദ്ധീകരണവും യേശുക്രിസ്തുവിന്റെ രക്തത്താലാണ് നമുക്ക് ലഭിച്ചത്. ശുശ്രൂഷകൾക്കാവശ്യമായ യോഗ്യത ശുദ്ധീകരണത്തിലൂടെ ലഭിക്കുന്നു. ദൈവാലയ ശുശ്രൂഷകൾ ചെയ്യുന്ന പുരോഹിതന്മാർക്ക് ശുദ്ധീകരണം അത്യന്താപേക്ഷിതമാണ്. ശുദ്ധീകരണത്താൽ നീതിപ്രവർത്തികൾ ചെയ്യേണ്ടവരാണ് എന്ന കാര്യം നമ്മെ ഓർപ്പിക്കുന്നു. കർത്താവ് നമുക്ക് എന്തായിത്തീർന്നു എന്നതാണ് നീതീകരണമെങ്കിൽ, നാം കർത്താവിനായി എന്തായിത്തീരണം എന്നത് കാണിക്കുകയാണ് ശുദ്ധീകരണം. ദൈവസന്നിധിയിലുള്ള നമ്മുടെ നിലനിൽപ്പാണ് നീതീകരണം. ആ നിലനിൽപ്പ് മുഖാന്തിരം നാം കർത്താവിന് ഫലങ്ങളെ പുറപ്പെടുവിക്കുന്നവരാകണം എന്ന് നമുക്ക് ലഭിച്ച ശുദ്ധീകരണം വെളിപ്പെടുത്തുന്നു. സൽപ്രവർത്തികൾക്കായി നമ്മെത്തന്നെ ദൈവത്തിന് വേർതിരിച്ചു നിർത്തുന്ന അനുഭവമാണ് ശുദ്ധീകരണം.

ശുദ്ധീകരണം എന്ന വാക്കിന് പല അർത്ഥം തിരുവെഴുത്തിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും. എല്ലാ അർത്ഥത്തിലും നാം ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" (മത്തായി 6:9). ഇവിടെ നിന്റെ നാമം മഹിമപ്പെടേണമേ എന്നാണർത്ഥം. പാപം മൂലം ഹീനനായി അവഗണിക്കപ്പെട്ട മനുഷ്യനെ ഗണനീയനാക്കിത്തീർക്കുന്നതാണ് ശുദ്ധീകരണം. കുപ്പയിൽനിന്നുയർത്തി പ്രഭുക്കന്മാരോടുകൂടെ ഇരുത്തി (സങ്കീ. 113:7–8). പിശാചിന്റെ മക്കൾ അത്യുന്നതനായ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടുന്ന മഹനീയ പദവിയിലേക്ക് കൊണ്ടുവരുന്നതാണ് ശുദ്ധീകരണം. "പിതാവ് ശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ചവനാണ് കർത്താവായ യേശുക്രിസ്തു (യോഹ. 10:36). ഇവിടെ വിശുദ്ധീകരിച്ചു എന്ന് പറഞ്ഞിരിക്കുന്നത് 'വേർതിരിച്ചു' എന്നാണ് അർത്ഥം. പെസഹാ കുഞ്ഞാടിനെ 4 ദിവസം മുൻപ് വേർതിരിച്ചു നിർത്തിയതുപോലെ ദൈവമായവനെ വേർതിരിച്ചു മനുഷ്യാവതാരം നൽകി ലോകത്തിലേക്ക് അയച്ചു. യോഹ. 17:19 ൽ അവർ സാക്ഷാൽ ശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ 'വിശുദ്ധീകരിക്കുന്നു' ഇവിടെയും അർത്ഥമാക്കുന്നത് ഞാൻ എന്നെത്തന്നെ വേർതിരിക്കുന്നു എന്നതാണ്. സമാഗമനകൂടാരത്തിലെ വസ്തുക്കളെ വിശുദ്ധീകരിക്കുക എന്നു പറഞ്ഞിരിക്കുന്നത് വേർതിരിച്ചു ശുശ്രൂഷയ്ക്കായി മാറ്റിവെച്ചിരിക്കുന്നു എന്നർത്ഥം. നാമും ദൈവീക ശുശ്രൂഷയ്ക്കായി വിശുദ്ധീകരിക്കപ്പെട്ടവരാകുന്നു. സമാധാനത്തിന്റെ ദൈവത്താൽത്തന്നെ നാം മുഴുവനായി ശുദ്ധീകരിക്കപ്പെടുകയും (1 തെസ്സ. 5:23). യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ ശുദ്ധീകരിക്കപ്പെട്ടവരും (എബ്രാ. 10:10) പിതാവായ ദൈവത്തിന്റെ മുന്നറിവിനൊത്തവണ്ണം ആത്മാവിനാൽ ശുദ്ധീകരണം പ്രാപിച്ചവരുമായ നാം (1 പത്രൊ. 1:2) ത്രിയേക ദൈവത്താൽ ശുദ്ധീകരണം പ്രാപിച്ചിരിക്കുന്നു. ആകയാൽ പിതാവ് ഇന്നുവരെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുപോലെയും കർത്താവു പ്രവർത്തിക്കുന്നതുപോലെയും (യോഹ. 5:17) ആത്മാവിനെ അനുസരിച്ചു നടന്നുകൊണ്ടും ആത്മാവിന്റെ ശുശ്രൂഷകൾ ചെയ്തുകൊണ്ടും (ഗല. 5:16) നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ടതാകുന്നു. കർത്തൃശുശ്രൂഷയ്ക്കായിട്ടാണ് നാം ശുദ്ധീകരണം പ്രാപിച്ചിരിക്കുന്നത്.

വിശ്വാസികൾ ഉപദേശങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. എന്നാൽ അതുകൊണ്ടു മാത്രം പോരാ, പ്രായോഗിക വിശുദ്ധ ജീവിതവും ആവശ്യമാണ്. യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7). ഒരിക്കലായി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:10) എങ്കിലും അനുദിനം ഈ വിശുദ്ധി പ്രായോഗിക ജീവിതത്തിൽ നമുക്ക് അനിവാര്യമാണ്. നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായ്ശ്ചിത്തമാകുന്നു. നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുമ്പോൾ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിക്കും. ദൈവവചനം ധ്യാനിക്കുമ്പോൾ നമ്മുടെ അശുദ്ധിയേയും അയോഗ്യതകളെയും നമുക്ക് ബോധ്യമാകും. അപ്പോൾ അത് ഏറ്റു പറഞ്ഞ് ശുദ്ധീകരണം പ്രാപിപ്പാൻ കഴിയും. ഇതിനു വചനം നമ്മെ സഹാ

# വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം (തുടർച്ച)

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും. സമാധാനത്തിന്റെയും ശാന്തിയുടെയും ഉറവിടം ദൈവത്തിലാണ്. ദൈവം സമാധാനത്തിന്റെ പ്രഭുവാണ്. സമാധാനത്തിന്റെ ശക്തമായ നിർവചനം യേശുക്രിസ്തുവാണ്. ഏതു പ്രതികൂല സാഹചര്യത്തിലും അശാന്തിയുടെ അതിപ്രസരത്തിലും അക്ഷോഭ്യനായി അതിനെ നേരിടുന്നതാണ് സമാധാനത്തിന്റെ ലക്ഷണം.

സമാധാനത്തെ പ്രതിബിംബിക്കുന്ന ഒരു ചിത്ര രചനാമത്സരം നടത്തുന്നു എന്ന് ചിന്തിക്കുക. മാതാവിന്റെ മടിയിൽ സുഖസുഷുപ്തിയിൽ കഴിയുന്ന ഒരു പൈതലിന്റെ ചിത്രം. വേറൊരു ചിത്രം തന്റെ മാതാവിന്റെ പള്ളയിലെ സഞ്ചിയിൽ നിർഭയം കിടക്കുന്ന ഒരു കംഗാരുവിന്റെ കുഞ്ഞ്. ഇങ്ങനെ അനവധി ചിത്രങ്ങൾ മത്സരത്തിനായി വന്നു. എന്നാൽ വിചിത്രമായ മറ്റൊരു ചിത്രം. ആടിയുലയുന്ന തിരമാലയും ചുഴിയും നിറഞ്ഞ കടലിൽ ഒരു മരക്കൊമ്പ് താണും പൊങ്ങിയും അതിന്റെ ഒരു കൊമ്പിൽ ഇരുന്നു പാട്ടുപാടുന്ന ഒരു കുരുവി. ഈ ചിത്രത്തിനാണ് സമാധാനത്തിനുള്ള ഒന്നാം സമ്മാനം ലഭിച്ചത്. ഇതാണ് യഥാർത്ഥ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം. തിരയും ചുഴിയും നിറഞ്ഞ പ്രതികൂലതകളെ നോക്കാതെ അതിൻ മദ്ധ്യത്തിൽ സമാധാനത്തിന്റെ ഈരടികൾ പാടുവാൻ കഴിയുന്നതാണ് യഥാർത്ഥ സമാധാനം. പ്രതികൂലങ്ങളെകണ്ട് സമാധാനമില്ലാത്തവരാകുന്നത് സ്വാഭാവികം. എന്നാൽ വൈരുദ്ധ്യമായി അതിൻ മദ്ധ്യത്തിൽ തികഞ്ഞ ദൈവസമാധാനം അനുഭവിക്കുന്നവർ ദൈവപുത്രന്മാരാണ്. യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവനിൽ വിശ്വസിക്കുന്നവരാണ് ദൈവമക്കൾ. ദൈവം അവർക്ക് പിതാവാണ്. അവർ ദൈവത്തിന്റെ പുത്രന്മാരും. ദൈവ സമാധാനം അനുഭവിക്കുന്നവർ.

ഗിരിപ്രഭാഷണത്തിൽ ഈ വചനം തിരുവായ്മൊഴിഞ്ഞ യേശുക്രിസ്തു അത് എങ്ങനെയെന്ന് തന്റെ പരസ്യജീവിതത്തിൽ വെളുപ്പെടുത്തി. യഹൂദപ്പരിഷകളും പരീശന്മാരും ശാസ്ത്രിമാരും റോമൻ പടയാളികളും ഒരു കുറ്റവും ചെയ്യാത്ത നസ്രയനായ യേശുവിനെ ചമ്മട്ടികൊണ്ടടിച്ചു. മുഖത്തെ രോമം പറിച്ചു. മുഖത്ത് തുപ്പി. കുന്തംകൊണ്ട് കുത്തി. ഭാരമുള്ളമരക്കുരിശു ചുമപ്പിച്ചു. രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരുന്ന കുഞ്ഞാടിനെപ്പോലെ അവൻ വായ് തുറക്കാതിരുന്നു. ഒടുവിൽ കാൽവറിയിലെ ക്രൂശിൽ ആണി തറയ്ക്കപ്പെട്ടു കിടക്കുമ്പോൾ ആദ്യമായി പറഞ്ഞത് സമാധാനം ഉണ്ടാക്കുന്ന വാക്കുകളായിരുന്നു. “പിതാവേ, ഇവർ അറിയാതെ ചെയ്യുന്നത് ഇവരോട് ക്ഷമിക്കേണമേ” എന്ന് മദ്ധ്യസ്ഥത ചെയ്യുകയായിരുന്നു. ഇത് വൈരുദ്ധ്യാത്മകതയുടെ പ്രായോഗിക വെളിപ്പാടായിരുന്നു. സ്നേഹിക്കുന്നവർക്ക് ആ സ്നേഹം മടക്കിക്കൊടുക്കാത്ത മനുഷ്യർക്ക് ശത്രുക്കളെ സ്നേഹിക്കാനും അവരോട് ക്ഷമിക്കാനും കഴിയുമോ? എന്നാൽ ലോകത്ത് സമാധാനം ഉണ്ടാക്കുവാൻ വന്ന സമാധാനപ്രഭുവാണ് യേശുക്രിസ്തു. യേശുക്രിസ്തു തന്റെ ശിഷ്യഗണത്തോട് അരുളിച്ചെയ്തു. ഞാൻ എന്റെ സമാധാനം നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയുള്ളതല്ല. ഞാൻ നിങ്ങൾക്ക് തരുന്നത്; സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനമാണ് (യോഹ. 14:27; ഫിലി.4:7).

ഈ ലോകത്തിൽ നിങ്ങൾക്ക് കഷ്ടതയുണ്ട് എന്നാൽ ഈ ലോകത്തെ ഞാൻ ജയിച്ചിരിക്കുന്നു. സമാധാനദായകനായ ക്രിസ്തു നമ്മുടെ നിനവുകളേയും ഹൃദയങ്ങളെയും ക്രിസ്തുവിൽ പരിരക്ഷിക്കുന്നതാണ്. വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രത്തിന്റെ വക്താവും പ്രണേതാവുമായ

---

യിക്കുന്നു (യോഹ. 15:3, 17:17). ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നാം ശുദ്ധീകരിക്കപ്പെട്ടവരാണ് (1 കൊരി. 6:11). എന്നാൽ അനുദിനം ആത്മാവിന്റെ ശുദ്ധീകരണം പ്രാപിച്ചെങ്കിലേ ആത്മാവിനാൽ നിറയപ്പെടുകയുള്ളൂ. നിറഞ്ഞെങ്കിലേ ശുശ്രൂഷകൾ ചെയ്യാൻ പ്രാപ്തരാകയുള്ളൂ. നമ്മുടെ എല്ലാ ചിന്തകളും പ്രവർത്തികളും ദൈവാത്മാവിനു വിധേയപ്പെടുത്തി കൊടുക്കുന്നതിലൂടെ ആത്മനിറവു പ്രാപിപ്പാൻ നമുക്കു കഴിയും. ഇങ്ങനെ ശുശ്രൂഷകൾ ചെയ്യുന്നതിന് ദൈനംദിന ശുദ്ധീകരണം ആവശ്യമാണ്. വിശുദ്ധമന്ദിരത്തിൽ ശുശ്രൂഷിക്കുന്ന പുരോഹിതന്മാർ ദിവസേന അവരുടെ കൈകാലുകൾ താമ്രതൊട്ടിയിലെ വെള്ളത്തിൽ കഴുകേണ്ടത് അത്യാവശ്യമായിരുന്നതുപോലെ (പുറ.30:20) പുതിയനിയമ വിശ്വാസികൾക്കും ആത്മീക ശുശ്രൂഷ ചെയ്യുന്നതിന് ദിനംപ്രതിയുള്ള ശുദ്ധീകരണം ആവശ്യമാണ്. മനസ്സിലുള്ള സകല ജഡത്തിന്റെ ചിന്തകളും അകറ്റി ആത്മാവിന്റെ ചിന്തകൾ അഥവാ ഉയരത്തിലെ ചിന്തകൾ മനസ്സിൽ വരുത്തുമ്പോൾ ആത്മാവു ചിന്തിക്കുന്നതിനു കൂടുതൽ സഹായിക്കയും ആത്മീക ചിന്തകളാൽ മനസ്സു നിറയുകയും ചെയ്യും. ആത്മബലം, ആത്മസന്തോഷം, ആത്മാവിലുള്ള എരിവ് ഇവയാൽ ശുശ്രൂഷകൾ ചെയ്‌വാൻ വിശ്വാസി നിറയപ്പെടും. ●

ക്രിസ്തുനാഥൻ ആ ഉന്നതമായ അനുഭവം തന്റെ അനുയായികൾക്ക് പകർന്നിരിക്കുകയാണ്. 85 വയസ്സായ ഒരു ക്രിസ്തുവിശ്വാസിയെ അവന്റെ ക്രിസ്തുവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിഷ്കാരുണം വധിക്കാൻ തീരുമാനിച്ചു. ഒടുവിലായി രാജാവ് നിനക്ക് ഒരു അവസരം കൂടി ഞാൻ തരുന്നു. ഈ ഒറ്റപ്രാവശ്യം യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ നിന്നെ വധിക്കയില്ല. അചഞ്ചലനും അക്ഷോഭ്യനുമായ വയോവൃദ്ധനായ ഈ ദൈവവിശ്വാസി ദൈവസമാധാനം ഉൾക്കൊണ്ട് ഇപ്രകാരം പറഞ്ഞു "ഈ 85 കൊല്ലം എനിക്ക് നല്ലവനും വല്ലഭനുമായിരുന്ന എന്റെ വിശ്വാസത്തിന്റെ നായകനായ യേശുക്രിസ്തുവിനെ അവിശ്വസിക്കുവാൻ ഒരു ചെറിയ കാരണംപോലും എനിക്കില്ല. നിങ്ങൾ എന്നെ വധിച്ചു കൊള്ളുക". ഈ സമയം ദൈവസമാധാനം കണ്ടെത്തുവാൻ കഴിഞ്ഞതാണ് വൈരുദ്ധ്യം. ഈ പ്രത്യയശാസ്ത്രത്തിന്റെ വിധേയത്വത്തിനാൽ അവർ ദൈവത്തെ കാണുകയും ദൈവസാമീപ്യവും സമാധാനവും അനുഭവിക്കുകയുമാണ് ചെയ്തത്.

മത്സ്യബന്ധനത്തൊഴിലിൽ ഏർപ്പെട്ടിരുന്നവരായിരുന്നു ക്രിസ്തുവിന്റെ ശിഷ്യപ്രമുഖരിൽ പലരും. ശിഷ്യഗണത്തിന്റെ വക്താവായിരുന്നു ശിമോൻ പത്രൊസ്. പത്രൊസിന് ഒരു സംശയം. അപ്പനെയും അമ്മയെയും വള്ളവും വലയും തൊഴിലും എല്ലാം വിട്ടുവന്ന ഞങ്ങൾക്ക് എന്ത് കിട്ടുമെന്ന് കർത്താവിനോട് ചോദിച്ചു. യേശു കർത്താവ് പറഞ്ഞ മറുപടി, ഈ ലോകത്തിൽ 100 മടങ്ങും. വരുവാനുള്ള ലോകത്തിൽ (സ്വർഗ്ഗത്തിൽ) നിത്യജീവനും ലഭിക്കുന്നതാണ്. ഇവിടെ അപ്പനേയും അമ്മയേയും സഹോദരങ്ങളേയും ക്രിസ്തു നിമിത്തം ഉപേക്ഷിക്കേണ്ടി വന്നാൽ പിന്നത്തേതിൽ നാം പ്രതീക്ഷിക്കുന്നതിനും അപ്പുറം ലഭിക്കുന്നതാണ്. ഇവിടെ നഷ്ടപ്പെടുത്തിയാൽ അവിടെ ലാഭമായി പരിണമിക്കുന്നതാണ് ദൈവരാജ്യം നിമിത്തം ഇവിടെ ഉണ്ടാകുന്ന കോട്ടങ്ങൾ അവിടെ നേട്ടമായിത്തീരുന്നതാണ്.

ക്രിസ്തുവിന്റെ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രത്തിന്റെ വൈശിഷ്ഠ്യം ഇതാണ്. കഴിഞ്ഞ 20 നൂറ്റാണ്ടായി വളർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രത്യയശാസ്ത്രം. കമ്മ്യൂണിസത്തിന്റെ ഭൗതീക പ്രത്യയശാസ്ത്രത്തിന് ഏതാനും വർഷങ്ങളേ ആയുസ്സ് ഉണ്ടായിരുന്നുള്ളൂ. റഷ്യ, പോളണ്ട്, ചെക്കോസ്ലോവാക്യ തുടങ്ങിയ യൂറോപ്യ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന് ശവക്കുഴി ഒരുക്കി. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റിന്റെ സ്ഥിതി ഏവർക്കും അറിയാവുന്നതാണ്. ഭൗതീക വാദസിദ്ധാന്തം നിലനിൽക്കില്ല. ചൈനയിലും ഈ പ്രത്യയശാസ്ത്രത്തിന്റെ നൈമിഷീകത ജനം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു.

ക്രിസ്തു പറഞ്ഞത് "ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" പിശാചും അതിന്റെ ദുഷ്ടശക്തികളും ഈ ക്രിസ്തുസഭയെ ഇല്ലാതാക്കുവാൻ പഠിച്ച പണി പതിനെട്ടും പയറ്റി. പരാജയമല്ലാതെ ഒന്നും നേടുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. കാരണം ഇന്നലെയും ഇന്നും എന്നേക്കും അനന്യനായ ദൈവമാണ് സഭയുടെ ഉപജ്ഞാതാവ്. അവന് ഗതിഭേദത്താൽ ആശ്ഛാദനം ഭവിക്കുന്നവനല്ല. അതിനാൽ തന്റെ ചങ്കിലെ വിലയേറിയ രക്തം നൽകി സമ്പാദിച്ച തന്റെ തിരുസഭയുടെ അടിത്തറ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമാണ്. അതാണ് ശ്രേഷ്ഠഗുരുവിന്റെ പഠിപ്പിക്കലിന്റെ പൊരുൾ. മഹാത്മാഗാന്ധിയെയും ഏബ്രഹാം ലിങ്കണേയും അതുപോലെ ലോകത്തിൽ കോടാനുകോടികളെ ആകർഷിച്ച് അധീനപ്പെടുത്തിയ തത്വശാസ്ത്രമാണിത്.

നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ളത്. ദൈവനീതിയെ മുറുകെപ്പിടിച്ച അനേകം ഭക്തന്മാർ മാനസീകമായും ശാരീരികമായും ഉപദ്രവിക്കപ്പെട്ടു എന്നത് ചരിത്ര സത്യമാണ്. ഇന്നും ലോകത്ത് പല രാജ്യങ്ങളിലും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ നീതി നിമിത്തം വീടും കുടുംബവും എല്ലാം നഷ്ടപ്പെട്ടവർ അനേകായിരം. എന്നാൽ യേശുക്രിസ്തു പറഞ്ഞത് അവർ ഭാഗ്യവാന്മാരാണ്. ഇതാണ് വൈരുദ്ധ്യമാർന്നത്. ഉപദ്രവിക്കപ്പെടുന്നവർ എങ്ങനെയാണ് ഭാഗ്യവാന്മാരാകുന്നത്? അവർക്ക് സ്വർഗ്ഗരാജ്യം.

യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിന് അല്പദിവസം മുൻപ് കർത്താവ് തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞ വാഗ്ദത്തം "നിങ്ങളുടെ ഹൃദയം കലങ്ങരുത് ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പീൻ എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ (കൊട്ടാരങ്ങൾ) ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു ഞാൻ നിങ്ങൾക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ പോകുന്നു. സ്ഥലം ഒരുക്കിയാൽ പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'' നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ നിരാശപ്പെടേണ്ട. തിരുവചനത്തിൽ വേറൊരിടത്ത് പറഞ്ഞിരിക്കുന്നത് "നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു അവിടെ നിന്നും കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട്

അനുരൂപമായി രൂപാന്തരപ്പെടുത്തും" എന്നാണ് (യോഹ. 14:1–3; ഫിലി 3:20–21). ഇന്ന് ദൈവരാജ്യവും ദൈവനീതിയും സംബന്ധിച്ച് ഉപദ്രവിക്കപ്പെടുന്നവർ നിരാശപ്പെടേണ്ട കാര്യമില്ല. ഈ വാഗ്ദത്തം നൽകിയ കർത്താവ് മരണത്തെ ജയിച്ച് 3–ാം നാൾ ഉയിർത്തെഴുന്നേറ്റവനാണ്. ഭൗതീക വാദവൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം നൽകിയ കാറൽമാക്സും മറ്റും മരിച്ചു മൺമറഞ്ഞു. അവരുടെ കല്ലറകൾ ഇന്നും അടഞ്ഞുകിടക്കുന്നു. ലോകത്തിൽ ഒരു കല്ലറ മാത്രം തുറന്നുകിടക്കുന്നു. അത് യേശുക്രിസ്തുവിന്റേതാണ്.

"ക്രിസ്തുയേശു നിമിത്തം നമ്മെ പഴിക്കയും ഉപദ്രവിക്കുകയും എല്ലാ തിന്മയും കളവായിപ്പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. പഴിക്കുന്നവരും ഉപദ്രവിക്കപ്പെടുന്നവരും എല്ലാ തിന്മയും കളവായി പറയപ്പെടുകയും ചെയ്യുന്നവർ എങ്ങനെയാണ് ഭാഗ്യവാന്മാരാകുന്നത്? അതാണ് വൈരുദ്ധ്യം. എന്നാൽ സ്വർഗ്ഗത്തിൽ നമ്മുടെ പ്രതിഫലം വലുതാണ്. ശാശ്വതമാണ്. ക്ഷയമോ വാട്ടമോ മാലിന്യമോ ഉള്ളതല്ല. അതുകൊണ്ട് ഈ എതിർപ്പുകളുടെ മദ്ധ്യത്തിൽ സന്തോഷിച്ച് ഉല്ലസിക്കാം ഇവിടെ നഷ്ടപ്പെടുന്നു. സ്വർഗ്ഗത്തിൽ നേടുന്നു. ഇവിടെ നഷ്ടപ്പെടുന്നത് താല്ക്കാലികങ്ങൾ എന്നാൽ സ്വർഗ്ഗത്തിൽ നേടുന്നത് ശാശ്വതമാണ്. ഈ ഉന്നതമായ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം ഉൾക്കൊള്ളുവാൻ യേശുക്രിസ്തുവിൽ വിശ്വസിക്കണം. അല്ലാതെ ഈ ദിവ്യദരിശനം ലഭിക്കയില്ല. വേറൊരു വഴിയും ഇല്ല. "മറ്റൊരുത്തനിലും (ഒന്നിലും) രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അപ്പൊ. 4:12).

പ്രിയ സ്നേഹിതരേ, ദൈവസ്നേഹത്താൽ നിർബന്ധിക്കപ്പെട്ടവനായി പറയട്ടെ. ഭൗതീകമായ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രത്തിന് പിറകേ ഓടുന്നവർ മരീചിക കണ്ട് ദാഹം തീർക്കാൻ ഓടുന്ന ഒട്ടകങ്ങളെപ്പോലെയാണ്. ഈ പ്രത്യയശാസ്ത്രം സമാധാനമോ സന്തോഷമോ സംതൃപ്തിയോ സ്വർഗ്ഗമോ നൽകുകയില്ല. യേശുക്രിസ്തു വെളിപ്പെടുത്തിയ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം യഥാർത്ഥ സമാധാനവും നീതിയും വിശുദ്ധിയും സ്വാതന്ത്ര്യവും സംതൃപ്തിയും നൽകുന്നതാണ്. അതിന്നായി ഒരു പ്രവൃത്തിയും ചെയ്യേണ്ട. നിങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് യേശുക്രിസ്തുവിൽ വിശ്വസിച്ചാശ്രയിച്ചാൽ മാത്രം മതി. അജ്ഞാനികളാകാതെ ജ്ഞാനികളായിത്തീരുവാൻ ദൈവം ഏവരേയും സഹായിക്കട്ടെ. ദൈവത്തിന്റെ അതിമഹത്തായ ധന്യനാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ●

## BRETHREN BIBLE INSTITUTE, PATHANAMTHITTA

www.bbipta.com

Certain doctrinal issues have been brought to our notice wherein Dr. K.C. Johnson has been involved. We interviewed Dr. Johnson in this connection. It was submitted before us that he indeed in one occasion preached in an Assembly in Trivandrum on the subject of worship, but that he was misinterpreted. Dr. Johnson told us: "I believe that Jesus Christ is worthy of worship always as the second person of Trinity and I have always believed it and continue to believe so. If I have inadvertently caused anyone to believe otherwise I am sorry."

As one of the premier Theological institutions of the Assemblies of the Brethren in India, Brethren Bible Institute, Pathanamthitta, stands firmly on Christian Fundamentals and ensures that only such brethren who believe are invited to join the Faculty.

We are in the process of restructuring the Brethren Bible Institute. Dr. Silas C. Nair, a well accepted theologian amongst us, has joined us as Head of the Dept. of Theology. Dr. Johnson C. Philip is in the process of joining us as Head of the Dept. of Research Studies.

It is unfortunate that BBI has been drawn into the picture in the above episode. We want to assure the assemblies of the Brethren in India that those responsible in the Trust and the Bible Institute are fully aware of the theological implications of every statement we make. The brethren are welcome to contact us personally for any legitimate information if needed and in the fitness of things it would be better to do so, instead of going public in the Internet. We have nothing more to add to this and we would not be willing to be drawn into any more discussion on this subject in future.

We have reconstituted the BBI Academic Council and henceforth the following members constitute the Council: Dr. O.M. Samuel (Principal), Mr. K.A. Philip (President), Mr. M.T. George (Secretary), Mr. K.V. John (Vice Principal), Dr. K.C. Johnson (Academic Dean), Dr. Silas C. Nair (Head of the Dept. of Theology), Mr. Saji A. John (Head of the Dept. of Biblical Studies), and Mr. Sunny T. Philip (Head of the Dept. of Information Technology). **(K.A. Philip & Dr. O.M. Samuel)**

# നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ (ഫിലി. 4:5) (തുടർച്ച)

ജോർജ്ജ് സി. വർഗീസ്, തിരുവനന്തപുരം

**കോപത്തിന്റെ തിക്തഫലം**

തന്റെ ഏക ഓമനപ്പുത്രനോട് കോപിച്ചപ്പോൾ ചെയ്ത അപരാധത്തെപ്പറ്റി തന്റെ ജീവിതകാലം മുഴുവൻ വിലപിച്ചു കഴിയേണ്ടിവന്ന ഒരു പിതാവിനെപ്പറ്റി കേട്ടിട്ടുണ്ട്. താൻ പുതുതായി വാങ്ങിയ "ബെൻസ് കാറിൽ ഈ 4 വയസുകാരൻ ഒരു കമ്പി ആണി എടുത്ത് ചിത്രരചന ചെയ്തുകൊണ്ടിരുന്നു. ഇത് കണ്ട് കോപംകൊണ്ടലറിയ പിതാവ് മകന്റെ കയ്യിൽ നിന്നും വാങ്ങി ആ തുരുമ്പു പിടിച്ച ആണി ആ പൈതലിന്റെ കയ്യിൽകുത്തി മുറിവേൽപ്പിച്ചു. ആഴത്തിലുള്ള ആ മുറിവ് സെപ്റ്റിക്കായി. ഒടുവിൽ ചികിത്സ വിഫലമായി. വലതുകൈ മുറിച്ചുമാറ്റേണ്ടിവന്നു. ആശുപത്രിക്കിടക്കയിൽ കിടന്നുകൊണ്ട് ആ മകൻ പറയുകയാണ് "പപ്പാ എന്റെ മറ്റേ കൈ മുറിപ്പിക്കരുതേ, ഞാൻ ഇനിയും കാറേൽ വരക്കുകയില്ല" പിതാവിന്റെ ആ കണ്ണുനീർ എന്നു വറ്റാനാണ്? കോപത്തിന് വളരെ വില കൊടുക്കേണ്ടി വരും. ആ മകന്റെ വലത്തേ കയ്യാണ് മുറിച്ചു മാറ്റപ്പെട്ടത്. ഒരിക്കൽ കർത്തൃദാസൻ സെന്റ് അഗസ്റ്റിൻ ഇപ്രകാരം പ്രാർത്ഥിച്ചു. God save me from that wicked man, MYSELF. നമ്മുടെ ഉള്ളിലെ ആ മനുഷ്യനെപ്പറ്റി അവന്റെ ചെയ്തികളെപ്പറ്റി നാം ഒന്നു ബോധവാന്മാരായിത്തീർന്നെങ്കിൽ. എത്രപേർ സ്വന്തം ശരീരത്തെ (ഭാര്യ) ചതച്ചുകൊണ്ട് ജീവിക്കുന്നു. മർക്കൊസ് 5 ലെ ഭൂതഗ്രസ്ഥനെപ്പോലെ സ്വന്ത സഹോദരന്മാർക്കും സഭയിലെ നേതൃത്വത്തിനും എതിരായി വാൾ വീശുന്നു. കർത്താവിന്റെ ശരീരമായ സഭയെ പീഡിപ്പിക്കുന്നു. സൗമ്യതയുടെ ആത്മാവെവിടെ?

ജോൺ വെസ്ളി പറഞ്ഞു. "ഞാൻ അമേരിക്കയിലേക്ക് പോയത് അവിടെയുള്ള ആളുകളോട് സുവിശേഷം പറഞ്ഞ് രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുന്നതിനാണ്. എന്നാൽ എന്നെ ആര് ഈ അനുഭവത്തിലേക്ക് നയിക്കും? എത്രയോ പ്രസക്തമായ ചോദ്യം. സ്വന്തം പാപത്തെക്കുറിച്ച് ബോധം വരികയും അനുതപിക്കുകയും ചെയ്യുമ്പോഴാണ് കർത്താവിന്റെ വേല ഭരമേല്പിക്കുന്നത്. വിലപ്പെട്ട കർത്തൃവേലയുടെ സമയം മറ്റൊന്നിനായും നമുക്കുപയോഗിക്കാതിരിക്കാം. യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ (യിര. 48:10). ഒരിക്കൽ യേശു ദമസ്ക്കൊസിന്റെ പടിവാതിൽക്കൽവച്ച് ശൗലുമായി സന്ധിച്ചു. ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്? എന്ന് ചോദിച്ചു. ശൗൽ ക്രിസ്തുവിനെ കണ്ടതായിട്ടോ ഉപദ്രവിച്ചതായിട്ടോ നാം ഒരിടത്തും കാണുന്നില്ല. പിന്നെ എന്താണ് എന്നെ ഉപദ്രവിക്കുന്നതെന്ന് ക്രിസ്തു പറഞ്ഞത്? ദൈവമക്കളെ ഉപദ്രവിക്കുന്നത് തന്നെ ഉപദ്രവിക്കുന്നതായിട്ടാണ്. "നിങ്ങളെ തൊടുന്നവൻ അവന്റെ കൃഷ്ണമണിയെ തൊടുന്നു." സെഖ. 2:8 ൽ കാണുന്നതിന്റെ അർത്ഥം നിങ്ങളെ ഉപദ്രവിക്കുന്നവൻ ദൈവത്തിന്റെ കണ്ണിൽ തന്റെ കൈവിരൽകൊണ്ടു കുത്തുകയാണ് എന്നത്രേ. പ്രിയരേ ദൈവം കൺമണിപോലെ കാത്തുപരിപാലിക്കുന്ന ദൈവമക്കളെ സങ്കടപ്പെടുത്തി എന്തിന് ശാപഗ്രസ്ഥനാകുന്നു? ദൈവജനത്തെ ദ്വേഷിച്ച് എന്തിന് ശാപത്തിന് അടിമയാകുന്നു.

**മാതൃകാപരമായ നടപ്പ്**

ഒരു പട്ടണത്തിന്റെ മദ്ധ്യത്തിൽ ഒരു വലിയ ക്ലോക്ക് സ്ഥാപിച്ചിരുന്നു. സ്വന്തമായി വാച്ചില്ലാതിരുന്ന പലരും ഈ ക്ലോക്കിൽ നോക്കി സമയം അറിയുകയും ഓരോ ദിവസത്തെയും ജോലികൾ അതനുസരിച്ച് ക്രമീകരിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം രാവിലെ 8.20 ന് ആ ക്ലോക്ക് നിശ്ചലമായി. ഓഫീസുകളിൽ പോകുന്നവർ അവരുടെ ബന്ധപ്പാട് നിറുത്തി. സാവകാശം നടക്കാൻ തുടങ്ങി. ട്രെയിന് പോകേണ്ടവർക്ക് സമയം തെറ്റിയതുകൊണ്ട് ട്രെയിൻ വിട്ടുപോയി. അന്ന് ഫാക്ടറികളിലും ഓഫീസുകളിലും വിദ്യാലയങ്ങളിലും അനേകർ വൈകിയാണ് എത്തിയത്.

ദൈവപൈതലേ അനേകർ നിന്നെ നോക്കി ആത്മീയരംഗത്ത് നിന്റെ വേലസ്ഥലത്ത് നിൽക്കുന്നുണ്ടായിരിക്കും. നിന്റെ ജീവിതത്തിന്റെ ക്രമം തെറ്റിയാൽ അവർ വഴി തെറ്റുന്നതിനും ഒരുപക്ഷേ അതനേകരുടെ വീഴ്ചയ്ക്ക് തന്നെയും കാരണമാകും. അതുകൊണ്ട് നീ എത്ര ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടെ നിന്റെ ജീവിതം ചിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

മൽസരം ആഭിചാരദോഷം പോലെയാണ്. ശാഠ്യം മിത്ഥ്യാ പൂജയും വിഗ്രഹാരാധനയും പോലെയാണ്.ഒരാൾ സഭാ ജീവിതത്തിൽ മത്സരിക്കുന്നത് മന്ത്രവാദം നടത്താൻ പോകുന്നതിന് സമാനമാണ്. ശാഠ്യത്തോടെ കർത്താവിന്റെ വേലയിലായിരിക്കുന്നത് വിഗ്രഹാരാധനയ്ക്ക് സമമാണ്. കർത്തൃസേവനത്തിൽ ഹൃദയനില എത്രയോ പ്രധാനമാണ് (ആവ 28:47–48). നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ. ആമേൻ ●

## വിലാസമാറ്റം

മുംബൈ സാക്കിനാക്ക സഭയുടെ വിലാസം : Rajan Lukkose, Room No. 8, Rabit Nivas, Lexmi Narayan Mandir Road, Sakkinakka, Mumbai 72, Cell No: 9821160565 എന്ന് സഭയ്ക്കുവേണ്ടി ബാബു ജോർജ്ജ്, പ്രസാദ് ജോൺ.

# സ്ഥിരത നൽകും അടിസ്ഥാന ഉപദേശങ്ങൾ

ഡാനി ഇസക്കിയേൽ, ആറാമട, തിരുവനന്തപുരം

നല്ല മനസ്ഥിതി അഥവാ മനസ്ഥിരത സ്ഥായിയായി കാത്തുസൂക്ഷിക്കുവാൻ ആഗ്രഹിക്കുവരാണു ഏവരും. എന്നാൽ മറ്റുള്ളവരോട് പോകട്ടെ സ്വന്തം സ്വയത്തിനോട് പോലും നല്ല മനസ്ഥിരത കാണിക്കുവാൻ കഴിയുന്നില്ല.

സ്ഥിരത സ്വാഭവികമായും ലഭ്യമാകാൻ ചെയ്യേണ്ട കാര്യങ്ങൾ ഏവ? ക്രമാനുഗതമായ രീതിയിലും ലളിതമായും സ്ഥിരത നേടാൻ മാർഗ്ഗമെന്ത്? അടിസ്ഥാന ഉപദേശങ്ങൾ എല്ലാം ക്രമമായും കൃത്യമായും പാലിച്ചാൽ മാത്രം മതി.

അതിശയം തോന്നുമായിരിക്കും. എന്നാൽ ഇവ ഏഴിലും സ്ഥിരതയുടെ വാഗ്ദത്തവും അടങ്ങിയിരിക്കുന്നു. അതായത് ഇവ പാലിക്കുമ്പോൾ സ്ഥിരതയും സ്വന്തമാവും. ഇവ ഏഴും ഒന്നു വിശകലനം ചെയ്യാം.

**1. രക്ഷിക്കപ്പെടുക:** രക്ഷിക്കപ്പെടുമ്പോൾ രക്ഷ മാത്രമല്ല സ്ഥിരതയ്ക്കുള്ള വകയും ലഭിക്കുന്നു; കാരണം അവനിൽ വന്ന പരിശുദ്ധാത്മാവ് രക്ഷയ്ക്ക് നിരന്തരസാക്ഷ്യം നൽകി അവനെ ഉറപ്പിക്കും. 'നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോട് കൂടെ സാക്ഷ്യം പറയുന്നു' (റോമർ 8:16).

**2. സ്നാനം:** സ്നാനത്താൽ ഒരുവൻ തനിക്ക് ദൈവത്തോട് നല്ല മനസാക്ഷിയുണ്ടെന്ന് അറിയിക്കയാണ്. 'സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോട് നല്ല മന സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു' (1 പത്രൊസ് 3:21). ഒരു പ്രാദേശിക സഭയോട് ചേർന്ന് ആരാധിക്കാനും സ്നാനം അനിവാര്യം.

**3. ചേരുക:** സഭാജീവിതം നയിച്ചാലേ കനൽ കൂട്ടിയിടുമ്പോൾ ആളിക്കത്തുന്നതു പോലെ നാം ജ്വലിച്ച് പ്രകാശിക്കുകയുള്ളൂ. 'ശീലാസും തിമൊഥെയോസും മക്കെദോന്യയിൽ നിന്ന് വന്നാറെ പൗലൊസ് വചനഘോഷണത്തിൽ ശുഷ്കാന്തി പൂണ്ട് യേശു തന്നെ ക്രിസ്തു എന്നു യെഹൂദന്മാർക്ക് സാക്ഷീകരിച്ചു.' (അപ്പൊ. 18:5).

**4. ഉപദേശം കേട്ടു:** വചനം പഠിച്ചാലേ ഏതിലെല്ലാം വളരണം എന്ന് അറിയാനാകൂ. 'നിങ്ങൾ തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയായ്കകൊണ്ട് തെറ്റിപ്പോകുന്നു' (മത്തായി 22:29).

**5. കൂട്ടായ്മ ആചരിച്ചു:** ചില പ്രശ്നങ്ങൾ കാരണം കൂട്ടായ്മ വിട്ട് ഒറ്റയാനായി നടക്കുന്നവരെ സാത്താൻ തെറ്റിധരിപ്പിക്കും; കാരണം, തെറ്റു തിരുത്താൻ കൂടെ ആരും ഇല്ലല്ലോ. 'ഇരുമ്പ് ഇരുമ്പിനു മൂർച്ച കൂട്ടുന്നു; മനുഷ്യൻ മനുഷ്യനു മൂർച്ച കൂട്ടുന്നു' (സദൃ. 27:17).

**6. അപ്പം നുറുക്കുക:** ആഴ്ച്ച തോറും ഇത് ചെയ്യുമ്പോൾ തന്നെ ഒരു സ്വയം ശോധനയ്ക്ക് ആഴ്ചതോറും അവസരം ലഭിക്കുന്നു. 'മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്‌വാൻ' (1 കൊരി.11:28).

**7. പ്രാർത്ഥന കഴിച്ചു പോന്നു:** മുകളിൽ പ്രതിപാദിച്ച കാര്യങ്ങൾ ഏല്ലാം ചെയ്യാനും അതിൽ നിലനിൽപാനും പ്രാർത്ഥന അനിവാര്യമാണു. ഇല്ലായെങ്കിൽ ജഡത്തിന്റെ ബലഹീനത നമ്മെ കടന്ന് പിടിക്കും. 'പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ എന്ന് പറഞ്ഞു' (മത്തായി 26:41).

### സ്ഥിരത കൈവരുന്നത് എങ്ങനെ?

ഈ 7 കാര്യങ്ങളും മനുഷ്യപ്രീതിക്കല്ല ദൈവത്തെ രുചിച്ചറിയുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ മാത്രം ചെയ്യുമ്പോൾ ദൈവം നമ്മെ തൃക്കൺ പാർക്കയും തിരുവാഗ്ദത്തത്തെക്കുറിച്ചുള്ള പ്രകാശനം നമുക്ക് ലഭിക്കുകയും ചെയ്യും. കാഴ്ച്ചയാലല്ല വിശ്വാസത്താൽ തന്നെയാണു നാം രക്ഷിക്കപ്പെട്ടതെങ്കിലും നമുക്ക് മുൻപിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോട് ഓടണമെങ്കിൽ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കിയെങ്കിലേ സാധ്യമാകൂ (എബ്രാ. 12:1,2). 'യഹോവ നല്ലവനെന്ന് രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.' (സങ്കീ. 34:8).

### സ്ഥിരത കൈവന്നാൽ ജീവിതം എങ്ങനെ?

സ്ഥിരത ഉണ്ടെങ്കിൽ മാത്രമേ ഈ മൂന്ന് കാര്യങ്ങൾ ലഭിക്കുകയുള്ളൂ.

**1. ആശ്രയം:** 'സ്ഥിരമാനസൻ യഹോവയിൽ ആശ്രയം വച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു' (യെശ. 26:3).

**2. ആശ്വാസം:** 'സ്ഥിരതയും ആശ്വാസവും നൽകുന്ന ദൈവം . . .' (റോമർ 15:6).

**3. ഭക്തി:** '. . . ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും . . . (1 പത്രൊസ് 1:6).

ഓരോ വിശ്വാസിയിലും ദൈവം വെളിപ്പെട്ടാൽ മാത്രമേ യാക്കോബിന്റെ ജീവിതം പെനുവേലിൽ (പാനീം= മുഖം, ഏൽ= ദൈവം: ദൈവത്തിന്റെ മുഖം) വച്ച് ദൈവത്തെ കണ്ടശേഷം സ്ഥിരതയുള്ളതായി മാറിയതുപോലെ സ്ഥിരതയുള്ളതാകൂ. സ്ഥിരത വരുന്നത് ദൈവം വ്യക്തിജീവിതങ്ങളിൽ വെളിപ്പെട്ടശേഷം എന്ന് സുവ്യക്തം. ആകയാൽ ദൈവത്തെ രുചിച്ചറിയുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ അടിസ്ഥാന ഉപദേശങ്ങൾ മുറുകെപിടിച്ച് അവയെ പ്രമാണിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●

# "സകല ജാതികൾക്കും ഉള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചുതരേണം"

കുഞ്ഞമ്മ ചാക്കോ, പള്ളിക്കൽ

ദൈവം തന്റെ ജനത്തെ മിസ്രയീമിന്റെ അടിമത്വത്തിൽനിന്നും വിടുവിച്ച് 40വർഷം അത്ഭുതകരമായി മരുഭൂമിയിൽകൂടി വഴി നടത്തി കനാനിൽ എത്തിച്ചു. അവർക്കു ന്യായപ്രമാണവും ചട്ടങ്ങളും കല്പനകളും കൊടുത്തു. പ്രവാചകന്മാരെയും ന്യായാധിപന്മാരെയും കൊടുത്തു. എന്നാൽ മരുഭൂമിയിൽ ദൈവം നടത്തിയ വിധങ്ങൾ എല്ലാം ഈ ദൈവത്തിന്റെ ജനം മറന്നു. അവർ ശമൂവേലിനോട് "സകല ജാതികൾക്കും ഉള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചുതരണം" (1 ശമൂ. 8:5) എന്നാവശ്യപ്പെട്ടു. ശമുവേലിന് ഈ അപേക്ഷ അനിഷ്ടമായി തോന്നി. അവൻ ദൈവത്തോടു പ്രാർത്ഥിച്ചു. യഹോവ ശമൂവേലിനോട് പറഞ്ഞത് ഇപ്രകാരമാണ്: "അവർ നിന്നെയല്ല. ഞാൻ അവരെ ഭരിക്കാതെവണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നതു. ഞാൻ അവരെ മിസ്രയീമിൽനിന്നും പുറപ്പെടുവിച്ച നാൾ മുതൽ ഇന്നുവരെ അവർ എന്നെ ഉപേക്ഷിച്ചും അന്യദൈവങ്ങളെ സേവിച്ചുംകൊണ്ട് എന്നോടു ചെയ്തതുപോലെ നിന്നോടും ചെയ്യുന്നു" (1 ശമൂ. 8:7–8). പ്രിയ സഹോദരിമാരേ, ദൈവജനത്തിന്റെ ഭരണ കർത്താവും സംരക്ഷകനും പരിപാലകനും സർവ്വശക്തനായ ദൈവം ആയിരിക്കെ തന്റെ ജനം ദൈവത്തെ ത്യജിച്ചു. മനുഷ്യബലത്തിൽ ആശ്രയിച്ചതിന്റെ അനന്തര ഫലം എത്ര ഭയങ്കരം ആയിരുന്നു. അവരുടെ സന്തതി അന്യരാജ്യത്ത് പ്രവാസികളായി പോകേണ്ടിവന്നു. മനുഷ്യന്റെ നിരൂപണമൊക്കെയും എത്ര ദോഷമുള്ളതാണ്. ആദിമ കാലത്തുതന്നെ ദൈവിക ഭരണം വെടിഞ്ഞു സ്വന്ത ബലത്തിൽ മുമ്പോട്ടു പോകാൻ ജനം ശ്രമിച്ചതായി കാണാം. ഉല്പത്തി. 11:1–8 വരെയുള്ള വാക്യങ്ങൾ ഓർമ്മിപ്പിക്കുന്നതു ജലപ്രളയത്തിൽ പെട്ടകത്തിലൂടെ രക്ഷപെട്ട നോഹയുടെ സന്തതി സ്വയത്തിൽ ആശ്രയിച്ചു എന്നാണ്. എന്നാൽ ദൈവഭരണത്തെ മറുത്തു ദൈവത്തെ കൂടാതെയുള്ള ഏതു പ്രവർത്തനവും ദൈവം തകർത്തുകളയും എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. ആ കാലത്തെ പോലെ തന്നെ ഈ കാലത്തും ദൈവഭരണത്തെ മറന്നു സ്വന്തബലത്തിൽ ഊന്നി ജാതികളെപോലെ സമുദായക്കാരെ പോലെ രക്ഷപെടുവാൻ നാം ശ്രമിക്കുന്നില്ലേ?

നമ്മുടെ സംരക്ഷകനും പരിപാലകനും ഭരണ കർത്താവും ദൈവമാണ്. നമ്മുടെ പൂർവ്വപിതാക്കന്മാർ അനേകരും കഷ്ടത എന്ന കഠിനശോധനയിൽ കൂടി കടന്നുപോയി. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും നിങ്ങൾക്കുവരം നൽകിയിരിക്കുന്നു (ഫിലി. 1:29) എന്നു പൗലൊസ് പ്രബോധിപ്പിക്കുകയുണ്ടായി. കഷ്ടത ഒരു നൽവരമാണ്. എന്നാൽ എല്ലാവർക്കും അതുകിട്ടി എന്നുവരികില്ല. പൗലൊസിനെ കർത്താവു തന്റെ വേലയ്ക്കായി വിളിച്ചു വേർതിരിച്ചു. റോമ പൗരനും വിദ്യാസമ്പന്നനുമായ പൗലൊസിനെ ക്കുറിച്ച് കർത്താവ് അനന്യാസിനോടു പറഞ്ഞ വാക്ക് എത്ര ശ്രദ്ധേയമാണ്. "നീ പോക, അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. എന്റെ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു" (അപ്പൊ. 9:15–16). കർത്താവിന്റെ നാമത്തിനുവേണ്ടി പൗലൊസ് സഹിച്ച കഷ്ടത എന്തെല്ലാം എന്നു 2 കൊരി. 11:23–28–വരെ പറഞ്ഞിരിക്കുന്നു. ഈ കഷ്ടതകൾ മുഴുവൻ സഹിച്ച പൗലോസ് പറഞ്ഞതു ഇപ്രകാരമാണ്: "ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ" (റോമർ 8:35). കർത്താവിനായി ധീരധീരം പോരാടിയ ധീരയോദ്ധാവാണ് പൗലൊസ്. തനിക്കു മനുഷ്യനിൽ ആശ്രയിക്കാമായിരുന്നു. ഒരു സംഘടന ഉണ്ടാക്കി അതിന്റെ പോപ്പാകാമായിരുന്നു. പീഡനത്തിൽ നിന്നും രക്ഷപെടാമായിരുന്നു. എന്നാൽ പൗലൊസ് എല്ലാം ക്രിസ്തുവിനായി സഹിച്ചു. ഒടുവിൽ കർത്താവിന്റെ ഇഷ്ടപ്രകാരം കൊല്ലപ്പെട്ടു. അങ്ങനെ കർത്താവിനു സൗരഭ്യവാസനയായിത്തീർന്നു.

പ്രിയ സഹോദരിമാരേ, ദൈവജനത്തിനു പല യിടത്തും പിഡനം ഏറിക്കൊണ്ടിരിക്കുകയാണ്. ചിലപ്പോൾ നമുക്കും ഉപദ്രവം ഉണ്ടായി എന്നു വരാം. അതിൽ നാം ഭയപ്പെടേണ്ടതില്ല. നാം പീഡനത്തിൽ കൂടെയും കഷ്ടതയിൽകൂടെയും മുമ്പോട്ടു പോകേണ്ടതു ദൈവേഷ്ടം എങ്കിൽ അതിനു നമ്മെത്തന്നെ നമുക്ക് ദൈവകരങ്ങളിൽ സമർപ്പിക്കാം. "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന കർത്താവിന്റെ വാക്കുകൾ ദൈവമക്കൾക്ക് എന്നും ആശ്വാസമാണ്; ധൈര്യമാണ്. ഇവിടെ കഷ്ടവും ഉപദ്രവവും പീഡനവും മറ്റും ഉണ്ടായി എന്നുവരാം. എന്നാൽ ദൈവമക്കൾ ഭയപ്പെടേണ്ടതില്ല. നമ്മുടെ കർത്താവ് ജയവീരനാണ്. അവൻ നമ്മെ ജയത്തോടെ നടത്താൻ ശക്തനാണ്.കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ ദൈവത്തെ ത്യജിച്ചുള്ള യാതൊരു പ്രവർത്തനവും നമ്മുടെ സഭകളിൽ ഉണ്ടാകാതിരിപ്പാൻ സഹോദരിമാരാകുന്ന നമുക്ക് ഉണർന്നു പ്രാർത്ഥിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കുമാറാകട്ടെ. ●

# അടയാളമില്ലാത്ത വഴികൾ

ഗോഡ്‌ലി പി.എസ്സ്, ബഹ്റൈൻ

യിസ്രായേലിന്റെ സുവർണ്ണ കാലഘട്ടം എന്നറിയപ്പെടുന്ന ശലോമോന്റെ രാജഭരണത്തിൽ ജീവിച്ചിരുന്ന ഒരു ആദ്ധ്യാത്മിക വക്താവിന്റെ ആശയാവിഷ്കാര പ്രദർശനമാണ് തലക്കുറി. രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ യിസ്രയേല്യ രാജാവിന്റെ സദസ്സിൽ കീർത്തികേട്ട ചിലരെ പ്രതിപാദിക്കുന്നുണ്ട് (1 രാജാ. 4:31). ഇക്കൂട്ടരിലൂടെ നമുക്ക് ലഭിക്കുന്ന ധ്വനി അത്തരത്തിലുള്ള കീർത്തികേട്ട നിരവധി പേർ ആ സദസ്സിലുണ്ടായിരുന്നിരിക്കണം എന്നാണല്ലോ. അക്കൂട്ടരിൽ പേർ പ്രതിപാദിച്ചിട്ടില്ലെങ്കിലും വേദപഠിതാക്കൾ ഉൾപ്പെടുത്തുന്ന, ആത്മീകതയുടെ ഉത്കൃഷ്ടത തന്റെ ചുരുങ്ങിയ വാക്കുകളിലൂടെ വെളിപ്പെടുത്തുന്ന ഒരു വ്യക്തിത്വമത്രെ യാക്കേയുടെ മകനായ ആഗൂർ.

ആഗൂരിനെ കുറിച്ച് നിരവധിയൊന്നും വേദപുസ്തകം പറയുന്നില്ല. എങ്കിലും പറഞ്ഞിരിക്കുന്നവ ഘനമേറിയവയാണ് എന്നത് നിസ്തർക്കം തന്നെ. സകലതും മായ മായ എന്ന് ആവർത്തിച്ച് പറഞ്ഞ് സഭാപ്രസംഗിയായ ശലോമോൻ പുസ്തകാവസാനം നല്ലൊരു മുന്നറിയിപ്പ് നൽകുന്നതുപോലെ, അനേക ജീവിത യാഥാർത്ഥ്യങ്ങൾ തന്റെ സദൃശ്യവാക്യങ്ങളുടെ പുസ്തകത്തിൽ വെളിപ്പെടുത്തി അതിന് ഒരു പരിസമാപ്തി ശലോമോൻ നൽകുന്നത് ആഗൂരിന്റെയും ലെമൂവേലിന്റെയും വാക്കുകൾ കൂട്ടിചേർത്തുകൊണ്ടാണ്. അതിന് കാരണം, വ്യക്തിയുടെ വൈശിഷ്ട്യത മാത്രമല്ല, പിന്നെയോ തികച്ചും ജീവിത മൂശയിൽ നിന്നും അടർത്തിയെടുത്തുകൊണ്ടുള്ള, ജീവിത അനുഭവമുള്ള ഒരുവന്റെ വാക്കുകളായതുകൊണ്ടാണ്. അതിന്റെ ശ്രേഷ്ഠത നമുക്ക് അളക്കാവുന്നതിലും അധികമാണ്. ആയതിന് ഒരു തെളിവു മാത്രം നൽകട്ടെ.

സദൃ. 30:7-9: "രണ്ടു കാര്യം മാത്രം ഞാൻ നിന്നോട് അപേക്ഷിക്കുന്നു; ജീവപര്യന്തം അവ എനിക്കു നിഷേധിക്കരുതേ; വ്യാജവും ഭോഷ്കും എന്നോട് അകറ്റേണമേ; ദാരിദ്രവും സമ്പത്തും എനിക്ക് തരാതെ നിത്യവൃത്തി തന്ന് എന്നെ പോഷിപ്പിക്കേണമേ. ഞാൻ തൃപ്തനായിത്തീർന്നിട്ട്: യഹോവ ആര് എന്നു നിന്നെ നിഷേധിപ്പാനും ദരിദ്രനായിത്തിർന്നിട്ടു മോഷ്ടിച്ച് എന്റെ ദൈവത്തിന്റെ നാമത്തെ തീണ്ടിപ്പാനും സംഗതി വരരുതേ." ആത്മീയതയുടെ ഉത്കൃഷ്ട സ്വഭാവത്തിന് തന്നെ അർഹനാക്കിയതിനു കാരണം തന്റെ ഈ പ്രാർത്ഥനയാണ്. എന്നാൽ പ്രസ്തുത വിഷയം സാഹചര്യത്തിനനുസൃതം സൂചിപ്പിച്ചുവെന്നു മാത്രം. നമ്മുടെ വിഷയ സ്പർശനത്തിനു മുന്നോടിയായി ഒരു ചെറു പശ്ചാത്തലം അഭികാമ്യം എന്നു തോന്നുന്നു.

സദൃ. 30-ാം അദ്ധ്യായത്തിന്റെ പ്രാരംഭം ആഗൂരിന്റെ ജീവിതാനുഭവങ്ങളിൽ ചിലത് വെളിച്ചം വീശുന്നു. ശേഷം വാകൃങ്ങളിൽ 4 ദൃഷ്ടാന്തങ്ങളാൽ വർണ്ണിക്കുന്ന 6 യാഥാർത്ഥ്യങ്ങൾ കാണാം.

(1) 11-14 : അധാർമ്മിക തലമുറ, (2) 15-16 : തൃപ്തി വരാത്തവ, (3) 18-20 : അറിഞ്ഞുകൂടാത്തവ, (4) 21-23: സഹിച്ചു കൂടാത്തവ, (5) 24-28: ചെറിയ ജീവികൾ, (6) 29-31: ചന്തമായി നടക്കുന്നവ

ഈ 6 കാര്യങ്ങളിലെ മദ്ധ്യ ഭാഗത്ത് കാണുന്ന അഥവാ മൂന്നാമനെന്ന് വിശേഷിപ്പിക്കാവുന്നതാണ് നാം ഇവിടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഗൂർ പറയുവാൻ പോകുന്ന ആ യാഥാർത്ഥ്യത്തിന് അദ്ദേഹം തന്നെ നൽകുന്ന ഒരു ആമുഖം കാണാം. മൂന്നുണ്ട് നാലുണ്ട് എന്ന ഒരു വ്യത്യസ്ത പ്രയോഗത്താലാണ് അത് ആരംഭിക്കുന്നത്. ഈ പ്രയോഗം യഹൂദ ഭാഷയുടെ പശ്ചാത്തലത്തിലുള്ളതാണ്. 4 കാര്യങ്ങൾ പറയുവാൻ പ്രയോഗിക്കുന്നവ. ഇതിനു തുല്യമായ മറ്റൊരു പ്രയോഗം സദൃ. 6:16-ൽ കാണാം. ഇവിടെ അതിവിസ്മയമായി തോന്നുന്നതും എന്നാൽ അറിഞ്ഞു കൂടാത്തതുമായ കാര്യം കുറിക്കൊള്ളേണ്ടതാണ്. നമെല്ലാവരും വിസ്മയം പൂകാറുണ്ട്. എന്നാൽ അത് ഏത് രീതിയിൽ എന്നുള്ളതിന് പ്രാധാന്യത ഏറെയുണ്ട്. 2 വ്യത്യസ്ത രീതിയിലുള്ള വിസ്മയം അല്ലെങ്കിൽ ആശ്ചര്യം പുതിയ നിയമത്തിൽ നിന്നും ചിന്തിക്കാം.

നമ്മുടെ വാഴ്ത്തപ്പെട്ടവനായ ക്രിസ്തുനാഥന്റെ ഐഹിക ജീവിതത്തിൽ ആശ്ചര്യപ്പെടുത്തിയ 2 സംഭവങ്ങൾ. 1. മത്തായി 8:10 -ൽ ശതാധിപന്റെ വിശ്വാസം കണ്ടിട്ട് ആശ്ചര്യപ്പെടുന്ന കർത്താവ്. 2. മർക്കോസ് 6:6-ൽ പള്ളികളിൽ ചെന്നു ഉപദേശിച്ചിട്ടും അത്ഭുത പ്രവൃത്തികൾ കണ്ടിട്ടും അവിടുത്തെ ജനങ്ങളുടെ അവിശ്വാസം നിമിത്തം ക്രിസ്തുനാഥൻ ആശ്ചര്യപ്പെടുന്നു. ആഗൂരിന്റെ ആശ്ചര്യത്തിനും നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ ആശ്ചര്യത്തിനും ഏറെക്കുറെ ഒരേ സ്വഭാവമാണ്.

രണ്ടാംഭാഗം അറിഞ്ഞുകൂടാത്തവയായി പറയുന്നു. ഇവിടെ നാം ഒരോത്തരും കരുതിക്കോള്ളേണ്ടുന്ന ഒരു ചിന്ത കാണാം. ആഗൂരിന്,

തനിക്കു അറിഞ്ഞുകൂടാത്തവയെ കുറിച്ച് പോലും അറിവുണ്ടായിരിന്നു. വിശ്വാസികളായ നാം ഇത് കരുതേണം. പലപ്പോഴും നാം കരുതുന്നത്, എന്നെക്കാൾ മഹാൻ ആരുമില്ല, എനിക്കെല്ലാമറിയം, എന്നൊക്കെയാണ്. എന്നാൽ നമുക്ക് പലതും അറിഞ്ഞുകൂടാ എന്ന ബോദ്ധ്യം ഉള്ളപ്പോൾ തന്നെ അറിഞ്ഞുകൂടാത്തവ എന്ത് എന്നതിനെ കുറിച്ചുള്ള അറിവും വിജയകരമായ ആത്മീയ ജീവിതം നയിക്കുന്നതിനുള്ള നല്ലൊരു യോഗ്യതയാണ്.

ഇനി ആഗൂരിന് അതിവിസ്മയമായും അറിഞ്ഞുകൂടാത്തവയായും തോന്നുന്നതെന്താണ്?. അത് മറ്റൊന്നുമല്ല 'വഴികൾ'. ആരുടെ വഴികൾ എന്നുള്ളതാകാം അടുത്ത ചോദ്യം. 1. കഴുകന്റെ വഴി, 2. സർപ്പത്തിന്റെ വഴി, 3. കപ്പലിന്റെ വഴി, 4. പുരുഷന്റെ വഴി. ഇതിനൊരു അന്തിമ സാക്ഷാത്കാരം മറ്റൊരു ഉപമയിലൂടെയും, വ്യഭിചാരിണിയുടെ വഴി. ഇവ ഒരോന്നിന്റെ വഴിക്കും ചില പ്രത്യേകതകളുണ്ട്.

1. ആകാശത്തു കഴുകന്റെ വഴി: പല തന്ത്രങ്ങളും അടവുകളും പ്രയോഗിച്ച് തന്റെ ഇരയെ തേടുന്ന ചതിയുടെ വഴി. ആകാശത്തിൽ പറന്നുയരുന്ന കഴുകന്റെ വഴിക്ക് അടയാളമില്ല.

2. പാറമേൽ സർപ്പത്തിന്റെ വഴി: മണ്ണിൽ ഇഴഞ്ഞു നീങ്ങുന്ന പാമ്പിനു അടയാളമുണ്ട് എന്നാൽ പാറമേൽ പായുന്നവയ്ക്ക് അടയാളമില്ല.

3. സമുദ്രമദ്ധ്യേ കപ്പലിന്റെ വഴി: ആഴങ്ങളിൽ പായുന്ന കപ്പലിന്റെ വഴി വിശാലമായി തുറന്നു കിടക്കുന്നു എന്നാൽ അതിന്റെ വഴികൾ തിരിഞ്ഞു നോക്കിയാൽ അപ്രത്യക്ഷമാകുന്നു.

4. കന്യകയോട് കൂടെ പുരുഷന്റെ വഴി: മോഹേച്ഛകളാൽ ജഡത്തിന് വിധേയപ്പെട്ട് കുറ്റബോധത്തിൽ നിപതിച്ച് നിരാശയുടെ നീർച്ചുഴിയിൽ കറങ്ങുന്ന വഴി. അത് തികച്ചും രഹസ്യമാണ്. അവന്റെ വഴികൾക്ക് വെളിച്ചത്തിന് സ്ഥാനമില്ല. അതും അടയാളമില്ലാത്ത വഴികളാണ്.

5. വ്യഭിചാരിണിയുടെ വഴി: എല്ലാം കഴിഞ്ഞിട്ട് ഞാനൊന്നും അറിഞ്ഞില്ല എന്ന ഭാവത്തിന്റെ നാട്യത്തിന്റെ വഴി. ആ നാട്യ ഭാവത്തിനു മുന്നിൽ അടയാളത്തിനു സ്ഥാനമില്ല.

ഈ വഴികളെയെല്ലാം സംഗ്രഹിച്ച് നമുക്ക് ഇപ്രകാരം ഒരു അന്തിമ വിധി നിർണ്ണയിക്കാം. "ലോകത്തിന്റെ അടയാളമില്ലാത്ത വഴികൾ."

ആഗൂർ എന്ന ഭകതൻ ദൈവജനത്തെ ആഹ്വാനം ചെയ്ത് നൽകുന്ന ഒരു മുന്നറിയിപ്പാണ് 'അടയാളമില്ലാത്ത വഴികൾ.' ശൗൽ പൗലൊസായി രൂപാന്തരപ്പെട്ടില്ലായിരുന്നെങ്കിൽ, മീനിനെ പിടിച്ചവർ മനുഷ്യരെ പിടിക്കുന്നവരായി തിരിയുവാൻ സാധിച്ചില്ലായിരുന്നെങ്കിൽ, ഇവരെല്ലാം അടയാളമില്ലാത്ത വഴികൾക്ക് ഉദാഹരണമാകുമായിരുന്നു. അബ്രാഹാമും ലോത്തും ഒരുമിച്ച് പുറപ്പെട്ടു, ഒരേ ദൈവത്തെ പിന്തുടർന്നു, എന്നാൽ ഇരുവരുടെയും ലക്ഷ്യം വെവ്വേറെയായിരുന്നു. ദൈവസന്നിധിയിൽ അടയാളമില്ലാത്ത വഴികൾക്ക് മൂക സാക്ഷിയായി ലോത്ത് നിൽക്കുമ്പോൾ അബ്രഹാം വിശ്വാസികളുടെ പിതാവായി ദൈവവചനം നിറഞ്ഞു നിൽക്കുന്നു. ഒരു ദൈവ പൈതലിനെ സംബന്ധിച്ചിടത്തോളം അടയാളമില്ലാത്ത വഴികൾ എന്ന സത്യം പഠിപ്പിക്കുന്നത് പേരിനും പ്രശസ്തിക്കും വേണ്ടി ചിലത് ചെയ്ത് കൂട്ടണം എന്നല്ല, പിന്നെയോ ദൈവവചനാനുസൃതം, ദൈവാത്മനിറവിനാൽ, ദൈവിക കൃപയ്ക്കനുസൃതമായി ദൈവനാമമഹിമക്കായ് അങ്ങ് നൽകിയിരിക്കുന്ന എല്ലാ മുഖാന്തിരങ്ങളും ഉപയോഗിക്കണം എന്നുള്ള സത്യമാണ്. കർത്ത്യപാദാന്തികേ വന്നു കൂടിയ ജനാവലിക്ക് ഭക്ഷണം നൽകുവാൻ ക്രിസ്തു നാഥൻ തന്റെ ശിഷ്യന്മാരോട് കൽപിച്ചപ്പോൾ അവിടെ ഒരു ബാലന്റെ കൈയ്യിലുണ്ടായിരുന്ന അപ്പവും മീനും അല്ലാതെ ആ നിർജ്ജന പ്രദേശത്ത് മറ്റൊന്നും അവർക്ക് കിട്ടിയില്ല. തന്റെ ഒരു നേരത്തെ ആവശ്യത്തിനു വേണ്ടി ഉണ്ടായിരുന്ന ഭക്ഷണം കർത്തൃസവിധെ എത്തിയപ്പോൾ അത് അവിടെ കൂടിയിരുന്ന എല്ലാവരും ഭക്ഷിച്ചു തൃപ്തിവരുവോളം ഉള്ളതായി തീർന്നു. ആ ബാലനെ പോലെ ദൈവത്തിനായ് നമുക്ക് നമ്മെത്തന്നെ, നമ്മുടെ ധനം, മാനം, കഴിവുകൾ, മഹിമകൾ, ജ്ഞാനം, സമയം എല്ലാമെല്ലാം നൽകാം. അടയാളമില്ലാത്ത വഴികൾക്ക് ആഗൂരിനെ പോലെ ആത്മിക ദർശനമുള്ളവർ ദൃഷ്ടാന്തം അന്വേഷിക്കുമ്പോൾ നമ്മുടെ ജീവിതങ്ങൾ എടുക്കാതിരിക്കുവാൻ ഇടയാകട്ടെ. ●

## പുസ്തക പരിചയം

**എബ്രായ ലേഖന വ്യാഖ്യാനം :** പ്രസിദ്ധമലയാള ക്രിസ്തീയ സാഹിത്യകാരൻ സുവി. എം.വി. തോമസിന്റെ 36-ാമത് കൃതി. വില Rs-550. പ്രസിദ്ധീകരണം 2010 മാർച്ച്. പ്രീ. പബ്ലിക്കേഷൻ വില Rs-350/- അവസാന തീയതി 2010 ജനു. 31. രജിസ്റ്റേർഡ് ആയി ലഭിക്കേണ്ടവർ Rs-100/- ചേർത്തയയ്ക്കണം. 1000ത്തിലധികം പേജുകൾ ഓരോ വാക്യത്തിനും തനതായ വ്യാഖ്യാനങ്ങൾ, പ്രസംഗക്കുറിപ്പുകൾ, ധ്യാനപഠന വിഷയങ്ങൾ. പുസ്തകം ബുക്കു ചെയ്യുന്നവർക്ക് കമ്മീഷൻ. വില M.O. ആയി മാത്രം അയയ്ക്കുക. വിലാസം എം.വി. തോമസ്, ഫ്രീഡം, കിളിവയൽ, വടക്കേടത്തുകാവ്, അടൂർ - 691529, ഫോൺ -04734 212742, 9447558128.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.109-ചോദ്യം

**വിഷയം : ദൈവമക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

**വായനാഭാഗം** : 1. ശമു. 12, സദൃ. 14, എഫെ. 2, യാക്കോ. 2,4, 1കൊരി. 8, മത്താ.5, സങ്കീ. 119.

I. ദൈവമക്കൾ ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്തിനായി?

II. നന്മ ചെയ്യാൻ അറിഞ്ഞിട്ടും അത് ചെയ്യാത്തവന്ന് അത് എന്തായി ദൈവം കണക്കാക്കുന്നു?

III. മുഖപക്ഷം കാണിക്കുന്നതിനെ ദൈവം കണക്കാക്കുന്നത് എങ്ങനെ?

IV. സഹോദരന്മാരുടെ നേരെ പാപം ചെയ്ത് അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ ആരോടാണ് പാപം ചെയ്യുന്നത്?

V. കൂട്ടുകാരനെ നിന്ദിക്കുന്നവൻ ചെയ്യുന്നത് എന്താണെന്ന് വചനം പറയുന്നു?

VI. ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോട് പാപം ചെയ്വാൻ ഇടവരരുതേ എന്ന് പ്രാർത്ഥിച്ചത് ആര്?

VII. താഴെ പറയുന്ന ഓരോന്നിനും ഉള്ള ശിക്ഷ എന്താണെന്ന് കർത്താവു പറഞ്ഞിരിക്കുന്നു?

(a) സഹോദരനോടു കോപിക്കുക. (b) സഹോദരനോടു നിസ്സാരാ എന്നു പറയുക. (c) സഹോദരനോടു മൂഢാ എന്നു പറയുക

VIII. യഹോവയോട് പാപം ചെയ്യാതിരിക്കേണ്ടതിന് സങ്കീർത്തനക്കാരൻ ചെയ്തിരുന്നത് എന്ത്? അഥവാ വചനം വായിക്കുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്തില്ലെങ്കിൽ നാം എന്തു ചെയ്യാനിടയാകും?

പൂർണ്ണ വാചകത്തിൽ ഉത്തരം എഴുതണം. അദ്ധ്യായം, വാക്യനമ്പരുകൾ, എന്നിവ വ്യക്തമായി എഴുതാതിരുന്നാൽ മാർക്കു നഷ്ടപ്പെടാനിടയാകും. 2010 ജനുവരി 10 വരെ ലഭിക്കുന്ന ഉത്തരം പരിഗണിക്കാം. ഈ വചനധ്യാനം മൂലം നിങ്ങളുടെ ആത്മീയ ജീവിതത്തിൽ ഉണ്ടായ പ്രതികരണം എന്തെന്ന് സാക്ഷ്യമായി എഴുതാം. ഉത്തരം അയയ്ക്കേണ്ട വിലാസം

**Bible Prasnavaly, T.M.M. Hospital, Vazhoor P.O., Kottayam.**

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**സാദരി (പാലി, രാജസ്ഥാൻ) :** രാജസ്ഥാനികളായ 5 പേർ കർത്താവിനെ ജലത്തിൽ സാക്ഷീകരിപ്പാൻ ഇടയായി. സുവി. ജോയി കെ.എസ്. ജെയ്പൂർ സ്നാനശുശ്രൂഷ നടത്തി. യോഗങ്ങളിൽ 25 പേരോളം കടന്നുവരുന്നു. അതിൽ അധികം പേരും രാജസ്ഥാനികളാണ്. ഞാൻ കുടുംബമായി ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. സഭാ പ്രവർത്തനങ്ങൾ കൂടാതെ ആദിവാസി ഗ്രാമങ്ങളിലും കടന്നുപോയി സുവിശേഷം അറിയിച്ചുവരുന്നു. ഇവിടെയുള്ള സഭയേയും പ്രവർത്തനങ്ങളേയും ഞങ്ങളേയും ഓർത്ത് ദൈവജനം പ്രർത്ഥിക്കണമേ. എന്ന് ജോർജ്ജ് ലെവിസൺ Mizpah Brethren Assembly, New abadi, Sadri, Pali, Rajastan - 306 702, Mob: 9928257784.

**വൈ.എം.ഇ.എഫ്. കർണാടക** : 24-7-09ൽ കാർകാളായിൽ നടന്ന യോഗത്തിൽ വൈ.എം.ഇ.എഫ്. കർണാടകയുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി. അലൻ മനോഹർ (ഉടുപ്പി) പ്രസിഡന്റായും ജോയി ചാക്കോ (മംഗലാപുരം) സെക്രട്ടറിയായും തിരഞ്ഞെടുത്തു. 5-11-09 ൽ Hubli യിലെ സ്ഥലം സഭകളുടെ സഹകരണത്തിൽ സമുദായ ഭവൻ ഹാളിൽ വെച്ച് വൺ ഡേ റിട്രീറ്റ് നടത്തി. ജോസ് മാത്യൂസ് (മംഗലാപുരം) മുഖ്യ സന്ദേശം നൽകി. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കണമേ. സാമ്പത്തീക സഹായങ്ങൾ വൈ.എം.ഇ. എഫ് കർണാടക എന്ന പേരിൽ അയയ്ക്കണമെ. എന്ന് അലൻ മനോഹരൻ, ജോയി ചാക്കോ.

**ഏഴിമല .നേവൽ അക്കാദമി :** എല്ലാ ഞായറാഴ്ചകളിലും 5 pm ന് ബൈബിൾ സ്റ്റഡി നടക്കുന്നു. പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കണമേ. ജോലി സംബന്ധിച്ച് ഇവിടെ എത്തിച്ചേരുന്ന സഹോദരന്മാർ ആരാധനാ സൗകര്യത്തിനായി ബന്ധപ്പെട്ടാലും. Bible Study Centre, Near IInd Gate (Payyanur Gate), Naval Acadmey, Ezhimala, Mob. 9495181788, E-mail:johnkm@in.com. എന്ന് കെ.എം. ജോൺ.

**ദിശ 2010–ഗോസ്പൽ എക്സിബിഷൻ :** ഭാരത ബ്രദറൺ ചരിത്രത്തിലെ ആദ്യ ഗോസ്പൽ എക്സിബിഷൻ 2010 ജനു. 6–10 വരെ കൊച്ചി ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്നു. വിവിധ മാധ്യമങ്ങളിലൂടെ ബൈബിളിന്റെ ആധികാരികതയും വിശ്വാസ്യതയും തെളിയിക്കുന്ന ഈ എക്സിബിഷനിൽ നൂതന സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ജനു. 8–10 വരെ എക്സിബിഷൻ സെന്ററിനോട് ചേർന്ന് തയ്യാറാക്കുന്ന സ്റ്റേജിൽ വെച്ച് സംഗീത വിരുന്നും സുവിശേഷ യോഗങ്ങളും നടക്കും. എറണാകുളം പട്ടണത്തിലെ ബ്രദറൺ സഭകളിൽ നിന്നുള്ള സഹോദരന്മാർ ചേർന്നാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നത്. ദൈവജനത്തിന്റെ പ്രാർത്ഥന അനിവാര്യമാണ്. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക. www.dishamultimediashow. com. വിലാസം - Disha 2010, Ambakuzhi Park, St. Martin Road, Palarivattom P.O., Kochi. 682025.

**വേദനാദം ട്രെയിനിംഗ് സെന്റർ :** വേദനാദം സെന്ററിന്റെ പ്രവർത്തനങ്ങൾ അങ്കമാലിക്ക് സമീപം മൂക്കന്നൂരിൽ പുതുതായി പണി തീർത്ത ട്രെയിനിംഗ് സെന്ററിൽ 2009 ഒക്ടോ. 11 മുതൽ ആരംഭിച്ചു. ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 12 വിദ്യാർത്ഥികൾ ഇവിടെ വചനം അഭ്യസിക്കുന്നു. പ്രഗത്ഭരായ വേദാദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. പഠനത്തോടൊപ്പം പരിശീലനത്തിനും സുവിശേഷീകരണത്തിനും മുഖ്യപ്രാധാന്യം നൽകുന്നു. വേദനാദത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കേണമേ. വിലാസം : വേദനാദം സെന്റർ, മൂക്കന്നൂർ, അങ്കമാലി, 683577, ഫോൺ : 98957 80530. എന്ന് ജോസഫ് ടി. പൗലോസ്.

**ഹൈറേഞ്ച് :** സുവിശേഷ പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി ഇവിടെയുള്ള ചില സഹോദരന്മാരുടെ പ്രാർത്ഥനയാലും ഔദാര്യമനസ്കതയാലും 5.5 ലക്ഷം രൂപയ്ക്ക് Bolera വാഹനം വാങ്ങുന്നതിന് ഇടയായി. ഹൈറേഞ്ചിലെ പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടണം എന്ന താല്പര്യത്തിൽ സഭയ്ക്കുവേണ്ടി വാങ്ങിയ വാഹനം 2009 ഒക്ടോ. 30 ന് തൂക്കുപാലം ബ്രദറൺ സഭാഹാളിൽ വെച്ച് സ്തോത്ര ശുശ്രൂഷ നടത്തി. വാഹനസംബന്ധമായി 2.5 ലക്ഷം രൂപ ബാങ്ക് ലോൺ ഉണ്ട്. ഒരു സൗണ്ട് സിസ്റ്റം ഉണ്ടാകുകയും പ്രവർത്തനങ്ങൾ അനുഗ്രഹത്തോടെ മുൻപോട്ടു പോവുകയും ചെയ്യുന്നതിന് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സുവി. ലാലു വി. ഏബ്രഹാം, എം. മത്തായി, പി. എൽ. പീറ്റർ

**പുല്ലാട് :** കൃപാ ഗോസ്പൽ ടീമിന്റെ ഏകദിന സുവിശേഷ പ്രവർത്തനം പുല്ലാടിനു സമീപം കുന്നന്താനത്തു 2009 നവം. 18 ന് നടത്തി. 18 സുവിശേഷകന്മാർ സംബന്ധിച്ചു. 8 പേർ കർത്താവിനെ രക്ഷിതാവായി ഏറ്റുപറഞ്ഞ് സ്വീകരിച്ചു. വചനധ്യാനത്തിനും ഗ്രൂപ്പു പ്രാർത്ഥനയ്ക്കും ശേഷം 4 സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും നടന്നു. വിതയ്ക്കപ്പെട്ട വചനം കൂടുതൽ ഫലകരമായി തീരുവാൻ ദൈവമക്കളുടെ പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു. എന്ന് കെ.സി. ഗബ്രിയേൽ പി.ജി. മത്തായി.

**മച്ചിപ്ലാവ് (അടിമാലി) :** എബനേസർ ഗ്രേറ്റ് വിഷൻ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ മച്ചിപ്ലാവ് സഭയുടെ സഹകരണത്തിൽ ഇവിടെനിന്നും 5 കി.മീ. വനത്തിനുള്ളിലുള്ള 73 കുടുംബങ്ങൾ ഉള്ള ആദിവാസി ഗ്രാമമായ തട്ടക്കണ്ണനിൽ 2009 സെപ്റ്റം. 12 ന് സുവിശേഷ ക്യാമ്പ് നടത്തുവാൻ ഇടയായി. സുവിശേഷ പ്രവർത്തനം നടന്നിട്ടില്ലാത്ത ഈ ഗ്രമത്തിൽ നടന്ന പ്രവർത്തനത്തിൽ കെ.പി. ജോർജ്ജ്, റോയി പൗലൊസ്, റ്റി.എം. എൽദോസ്, സി.റ്റി. തോമസ്, ജസ്പിൻ ജെയിംസ്, സ്റ്റാൻലി തോമസ്, തോമസ് ഫെർണാണ്ടസ്, ബേസിൽ വർഗീസ്, തോമസ് ചെറിയാൻ തുടങ്ങിയവർ പങ്കെടുത്തു. ആത്മാക്കൾ മുമ്പോട്ടു വരുവാൻ ദൈവജനം പ്രാർത്ഥിക്കണമേ എന്ന് Evg. Thomas Cherian, Earakuzha, Machiplavu P.O., Idikki - 685561, Ph:9446806853

**സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് എഴുതുന്നത്**

മെയ് 17 ന് സംഭവിച്ച കാർഡിയാക് അറസ്റ്റിൽ വളരെ ഗുരുതരാവസ്ഥയിൽ കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും പരിശോധനയിൽ ഒരു ബ്ലോക്ക് ഉണ്ടെന്നു മനസ്സിലാക്കി എറണാകുളം ലിസി ഹോസ്പിറ്റലിൽ ആൻജിയോപ്ലാസ്റ്റി നടത്തി. തുടർന്ന് വിശ്രമിക്കവേ അൾസറിൽനിന്നുള്ള ബ്ലീഡിംഗ് ഉണ്ടായിട്ട് വളരെ ഗുരുതരാവസ്ഥയിൽ എറണാകുളം ലെയ്ക്ഷോറിൽ പ്രവേശിപ്പിച്ചു. ഒരാഴ്ചയ്ക്കുശേഷം സുഖം പ്രാപിച്ച് വീട്ടിൽ വന്നു. രണ്ടു പ്രാവശ്യം മരണത്തിലേക്ക് നീങ്ങിയ എനിക്ക് ദൈവം നൽകിയ സൗഖ്യത്തിന് സ്തോത്രം ചെയ്യുന്നു. ദൈവജനം എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ആവശ്യങ്ങളിൽ സഹകരിക്കുകയും ചെയ്തു. എല്ലാവർക്കും ഞങ്ങളുടെ സ്നേഹവും ഹൃദയംഗമമായ നന്ദിയും അറിയിക്കുന്നു. അതിനുശേഷം കുവൈറ്റ്, ബഹ്റൈൻ, ഡൽഹി, മുംബൈ, പൂന, ഭോപ്പാൽ എന്നിവിടങ്ങളിൽ കർത്താവിന്റെ വചനം ശുശ്രൂഷിക്കുവാൻ അവസരം ഉണ്ടായി. കർത്താവ് വളരെ കൃപയും ശക്തിയും നൽകി. ദൈവജനത്തിന്റെ പ്രാർത്ഥന തുടർന്നും ഉണ്ടായിരിക്കണമേ. എന്ന് ചാണ്ടപ്പിള്ള ഫിലിപ്പ് ഗ്രേസ് വില്ല, മണർകാട് പി.ഒ., കോട്ടയം–686019, ഫോൺ : 0481 2372680, 09847010965.

## രോഗികൾ

**പൊള്ളാച്ചി :** സുവി. ഷാജി. ജെ. പോൾ (35) നരിക്കൽപതി പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് സെപ്റ്റം. 18 ന് കോയമ്പത്തൂർ കുപ്പുസ്വാമി നായിഡു ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ഒരാഴ്ചയ്ക്കുശേഷം ആനക്കട്ടി ബഥനി ആശുപത്രി തീവ്രപരിചരണ വിഭാഗത്തിൽ വീണ്ടും ചികിത്സിക്കുകയും ഉണ്ടായി. ഇനിയും ആൻജിയോഗ്രാം തുടങ്ങിയ പരിശോധനകൾ ചെയ്യേണ്ടതായിട്ടുണ്ട്. തുടർന്നുള്ള ചികിത്സക്കായും ആവശ്യങ്ങൾക്കായും ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യേണമേ.

വിലാസം Shaji J. Paul, 59/60 Alagappa Lay-out, Venkitesa Colony, Pollachi - 642 001, Tamilnadu.എന്ന് ബി. ദെവൻബു, രാജൻ.

**ഫോർബസ്ഗൻജ് (ബീഹാർ) :** ഈ സ്ഥലം സഭയിലെ സഹോദരി കാജൽ (20) ഹൃദയസംബന്ധമായ രോഗത്താൽ ഭാരപ്പെട്ടുകൊണ്ടിരിക്കുന്നു. അടിയന്തിര ശസ്ത്രക്രിയ നടക്കാത്തപക്ഷം ഈ സഹോദരിയുടെ ജീവൻ തന്നെ അപകടത്തിലാണെന്നാണ് ഡോക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ സഹോദരി ഒരു മാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ അമ്മ കൂടിയാണ്. കുട്ടയുണ്ടാക്കി വിറ്റാണ് ഇവരുടെ കുടുംബം പുലരുന്നത്. ദൈവാത്മാവ് പ്രേരിപ്പിക്കുന്നവർ സഹോദരിക്കുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തീക കൂട്ടായ്മ കാണിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി ബിനോദ് കുമാർ, സഞ്ജയ്കുമാർ. കൂടുതൽ വിവരങ്ങൾക്ക് Evg. Binod Kumar C/o. Mr. Biswanath Mahto, Central Bank of India, Forbesganj P.O., Araria (Dist.) Bihar - 854318. Mob: 09304320699.

## മഹത്വത്തിൽ

**ജഗ്ദൽപൂർ (ഛത്തീസ്ഗഡ്) :** സുവി. മാത്യു ഏബ്രഹാം (70) 18-11-09 ന് താൻ പ്രിയം വെച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസറ്റിറ്റ്യൂട്ടിലെ വചനപഠനത്തിനുശേഷം കൊറാപ്പുട്ടിലും (ഒറീസ) തുടർന്ന് ജഗ്ദൽപ്പൂരിലും കുടുംബമായി താമസിച്ച് കഴിഞ്ഞ 40 ൽ പരം വർഷങ്ങൾ കർത്തൃശുശ്രൂഷയിൽ ആയിരുന്നു. ആത്മാർത്ഥതയോടു കൂടി കഴിഞ്ഞ കാലങ്ങളിൽ കർത്താവിനുവേണ്ടി അദ്ധ്വാനിച്ച താൻ പ്രതിഫലത്തിനുവേണ്ടി യാത്രയായി. ഭൗതിക ശരീരം 20-11-09 ന് അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ അനുസ്മരണ ആശ്വാസ സന്ദേശങ്ങൾക്കുശേഷം പുനരുത്ഥാനത്തിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ അവിടെ സംസ്കരിച്ചു. ഭാര്യ പുതുപ്പള്ളി കുടിലിൽ ചിന്നമ്മയേയും മക്കൾ സാം മാത്യു (സുവി.) ഷിം മാത്യു, ജിമ്മി മാത്യു (സുവി.) എന്നിവരെ കുടുംബമായി പ്രാർത്ഥനയിൽ ഓർത്താലും. (C.A.G.)

**വെള്ളാപ്പള്ളി (പായിപ്പാട്) :** കണ്ണംപ്ലാവിൽ തോമസ് ജോൺ (ജോണിക്കുട്ടി 70) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആഞ്ഞിലിത്താനം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ 14-11-09 ന് അനേകം ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്കാരം നടന്നു. ഭാര്യ അന്നമ്മ ജോൺ, മക്കൾ ജോൺ മാത്യൂസ്, ജോൺ തോമസ്. (ഇരുവരും അബുദബി) എന്ന് ജോൺ തോമസ്.

## കൺവൻഷൻ / ക്യാമ്പ്

**പാമ്പാടി :** പാമ്പാടി ബ്രദറൺ സഭയുടെ ചുമതലയിൽ 2010 ജനു. 8-10 (വെള്ളി-ഞായർ) വൈകിട്ട് 6.30-9 വരെ വട്ടമലപ്പടിക്കു സമീപം കരിപ്പമറ്റം ബേബിയുടെ ഭവനാങ്കണം. **പ്രസംഗകർ -** പി.ജി. ജയിംസ്, ചാണ്ടപ്പിള്ള ഫിലിപ്പ്, എം.എം. സഖറിയാ. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്യണമേ. എന്ന് കെ.സി. കുര്യൻ, റ്റി.റ്റി. മാത്യു, വർഗീസ് കുര്യൻ.

**സുവിശേഷമഹായോഗം - വാളകം**

തീയതി : 2010 ജനു. 13-17 വരെ(ബുധൻ - ഞായർ വരെ)
സ്ഥലം : വാളകം കവലയ്ക്ക് സമീപം
പ്രസംഗകർ : ആർ. കൃഷ്ണൻകുട്ടി, വർഗ്ഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്

യോഗാനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. എന്ന് വാളകം ബ്രദറൺ സഭയ്ക്കുവേണ്ടി കെ.ജെ. ഷാജു, പി. സി. വർഗീസ്.

**സുവിശേഷമഹായോഗം - കൊട്ടാരക്കര**

തീയതി : 2010 ജനു. 11 തിങ്കൾ -17 ഞായർ വരെ
സ്ഥലം : ബ്രദറൺ ഗോസ്പൽ ഹാൾ, പുലമൺ, കൊട്ടാരക്കര
പ്രസംഗകർ : ബിജു ആലടി, ബിനു ശാമുവൽ, വർഗ്ഗീസ് കുര്യൻ, ജോൺ പി. തോമസ്, ചാണ്ടപ്പിള്ള ഫിലിപ്പ്, ജോൺ കുര്യൻ. എന്ന് കൺവൻഷൻ കമ്മറ്റി

**സത്നാ(M.P.) :** 70-ാമത് GPC ബുർഹാൻപൂരിൽ വച്ച് സെപ്തം. 15-18 വരെ നടന്നു. മദ്ധ്യപ്രദേശിലെയും ഛത്തീസ്ഗഡിലെയും 25 ദൈവദാസന്മാർ ശുശ്രൂഷയിൽ പങ്കെടുത്തു. 10 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ കഴിഞ്ഞു. ധാരാളം സുവിശേഷ പ്രതികളും പുതിയനിയമം, ബൈബിൾ എന്നിവ വിതരണം ചെയ്തു. 71-ാമത് GPC മദ്ധ്യപ്രദേശിലെ ബാൻമോർ എന്ന സ്ഥലത്ത് 2010 ഫെബ്രു. 9 - 12 വരെ നടക്കുന്നതായിരിക്കും. പ്രാർത്ഥിക്കുക. കർതൃശുശ്രൂഷയിൽ വി.എ. ആന്റണി സെക്രട്ടറി.

**സുവിശേഷമഹായോഗം**

സ്ഥലം : സുവിശേഷാലയം, പത്തനംതിട്ട
സമയം : 2009 ഡിസം. 20-27 ഞായർ വരെ
പ്രസംഗകർ : ഡോ. ഒ.എം. ശമുവേൽ, തോംസൺ ബി. തോമസ്, പി.ജെ.ജെയിംസ് (ബഹറിൻ), വർഗ്ഗീസ് കെ. കുര്യൻ.

അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്താലും. എന്ന് കെ.എ. ഫിലിപ്പ്, എം.റ്റി. ജോർജ്ജ്.

**അടൂർ :** അടൂരും ചുറ്റുപാടുമുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിൽ 2009 ഡിസം. 9-12 വരെ അടൂർ ടൗണിൽ ലോഗോസ് ആഡിറ്റോറിയത്തിൽ വെച്ച് ബൈബിൾ ക്ലാസും രാത്രിയോഗങ്ങളും നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. സുവി. പി.ജി. ജെയിംസ്, സജീവ് വർഗ്ഗീസ്, തോമസുകുട്ടി കുരുവിള, സണ്ണി തോമസ്, രാജൻ തോമസ്, പി.എസ്. തമ്പാൻ, ജെയിംസ് എം. തോമസ്, ജോർജ്ജ് കോശി എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. എന്ന്, എം.വി. തോമസ്, ജോൺസൺ സാം, ഷനു സാമുവൽ.

**ചെമ്മന്തൂർ :** പുനലൂർ ചെമ്മന്തൂർ ബ്രദറൺ അസംബ്ലി 90-ാമത് വാർഷിക കൺവൻഷൻ 2009 ഡിസം. 23 -27 വരെ

സ്ഥലം : ആഡിറ്റോറിയം സൈറ്റ് പൈനാപ്പിൾ ജംഗ്ഷനു സമീപം, ആരംപുന്ന
പ്രസംഗകർ : എം.എം. സഖറിയ, ജോൺ പി. തോമസ്, ജോർജ്ജ് ചാക്കോ, പി.ജി. ജെയിംസ്, ബിനു മാത്യു എന്ന് വി.ഇ. തോമസ്.

**വെള്ളറട കൺവൻഷൻ**

സ്ഥലം : ജംഗ്ഷന് സമീപം ആനപ്പാറ ഗ്രൗണ്ട്
സമയം : 2009 ഡിസംബർ 26 – 30 വരെ
പ്രസംഗകർ : ആർ കൃഷ്ണൻകുട്ടി, ചാണ്ടപ്പിള്ള ഫിലിപ്പ്, പി.എസ്. തമ്പാൻ, രാജൻ തോമസ്, സണ്ണി തോമസ്.

അനേക ക്രിസ്തീയ സംഘടനകൾ ഉള്ള ഈ പ്രദേശത്ത് സത്യസുവിശേഷം അറിയിക്കുന്ന ഈ യോഗത്തിൽ ധാരാളം കേൾവിക്കാരെ പ്രതീക്ഷിക്കുന്നു. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. വിലാസം : പി.വി. വർഗീസ്, ഗ്രേസ് കോട്ടേജ്, വെള്ളറട 695 505 എന്ന് ബേബി ജോർജ്ജ് (09446703121) പി.വി. വർഗീസ് (09496100605)

**ദിവ്യപ്രകാശം 2010**

തൃശൂർ ചേലക്കോട്ടുകര ബ്രദറൺ സഭയിൽ വെച്ച് 2010 ജനു. 7–10 വരെ സുവിശേഷ യോഗങ്ങൾ നടത്തപ്പെടുന്നു. പ്രസംഗകർ : എബി കെ. ജോർജ്ജ്, ജോയി ജോൺ.

10 ന് 3 മണിക്ക് സണ്ടേസ്കൂൾ വാർഷികസമ്മേളനം ഉണ്ടായിരിക്കുന്നതാണ്. എന്ന് സഭയ്ക്കുവേണ്ടി പി.സി. ജോർജ്ജ്, സി. ജെ. മത്തായി, എം.സി.ജോർജ്ജ്.

**സുവിശേഷയോഗങ്ങൾ – പട്ടം**

സ്ഥലം : മരുതൂർ കോളനിയിലുള്ള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, തിരുവനന്തപുരം
തീയതി : 2010 ജനു. 8 വെള്ളി – 10 ഞായർ വരെ
സമയം : വൈകുന്നേരം 6.30–8.30 വരെ
പ്രസംഗകൻ : ബ്ര. കെ.സി. ജപസിംഗ്
സഭയ്ക്കുവേണ്ടി ഭാരവാഹികൾ ബ്രദറൺ അസംബ്ലി, പട്ടം

**കുട്ടമല (തിരുവനന്തപുരം)** : 2009 ഡിസം. 21–23 വരെ പരസ്യയോഗങ്ങളും സുവിശേഷയോഗങ്ങളും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ദൈവജനം സഭയെയും പ്രസ്തുത പ്രവർത്തനത്തെയും ഓർത്ത് പ്രാർത്ഥിക്കണമെ. എന്ന് സഭയ്ക്കുവേണ്ടി അഗസ്റ്റിൻ, സോമൻ എൻ.

**വാഴക്കൂട്ടംകടവ് :** 2009 ഡിസം. 25 വൈകിട്ട് 5.30 മുതൽ 8.30 വരെ പള്ളിപ്പാടിനു സമീപമുള്ള വാഴക്കൂട്ടം കടവിൽ വെച്ച് നടത്തപ്പെടുന്ന ക്രിസ്തുമസ് മ്യൂസിക്കൽ ഈവനിംഗിൽ സുവിശേഷകൻ ചാണ്ടപ്പിള്ള ഫിലിപ്പ് വചനം സംസാരിക്കുന്നു. ഈ സമ്മേളനം പള്ളിപ്പാട് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ ബയോസിസ് ഇൻഫോമാറ്റിക്സ് സെന്ററാണ് (ബാംഗ്ലൂർ) ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രാർത്ഥനയിൽ ഓർക്കുകയും പങ്കെടുത്ത് സഹകരിക്കുകയും ചെയ്യണമേ എന്ന് സഭയ്ക്കുവേണ്ടി ഡി. സാമുവേൽ, കെ.ജി. കുര്യൻ. കൂടുതൽ വിവരങ്ങൾക്ക് ജിബി പള്ളിപ്പാട്, ഫോൺ : 9847999062.


RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

**If undelivered Please return to:**
**Athma Prakashini**
**P.B.No.10**
**Kumbanad**
**Thiruvalla 689 547**
**Printed and Published by**
**C.A.George**
**at Excel Offset Printers, Omallor**


## വിവിധ വിഷയങ്ങൾ

**തിരുവല്ല :** സത്യം പുസ്തകമേള നവം. 15 – ഡിസം. 25 വരെ തിരുവല്ല സാൽവേഷൻ ആർമി ഹാളിൽ നടത്തുന്ന പുസ്തക മേളയിൽ പുസ്തകങ്ങൾക്ക് 70% വരെ വിലക്കിഴിവ് ഉണ്ടായിരിക്കും. ഒട്ടനവധി സൗജന്യ ഗ്രന്ഥങ്ങളും വിതരണത്തിനുണ്ട്. 50,000 ത്തിലധികം പുസ്തകങ്ങളുടെ പ്രദർശനം. ഈ അവസരം പ്രയോജനപ്പെടുത്തുക. മാനേജർ, സത്യം പബ്ലിക്കേഷൻസ്.

**മത്തുംചാൽ ബ്രദറൺ അസംബ്ലി :** പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ കൊറ്റനാട് പഞ്ചായത്തിൽ 1998 ൽ ആരംഭിച്ചതും ഇപ്പോൾ ബ്രദർ വി.എസ്. തോമസിന്റെ ഭവനത്തിൽ കൂടിവരുന്നതും 13 പേരടങ്ങിയതുമായ ഒരു സഭയാണ് മത്തുംചാൽ ബ്രദറൺ അസംബ്ലി. സ്വന്തമായി സ്ഥലം വാങ്ങുവാനും ഹോൾ പണിയുവാനും കേരളാഘടകം എസ്.എ.ഐ. മുൻ സെക്രട്ടറി പി.വി. വർഗീസും കേരളാ ഘടകം കമ്മറ്റി മെമ്പർ കെ.വി. ജോർജ്ജും ഒപ്പിട്ട് അയച്ച അപ്പീൽ വഴി ലഭിച്ച തുക എസ്.ബി.റ്റി. വൃന്ദാവനം ശാഖയിൽ നിക്ഷേപിച്ചിട്ടുള്ളതുമാകുന്നു. ഈ സഭയുടെ നിലനിൽപ്പിന് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തീക സഹകരണവും അഭ്യർത്ഥിക്കുന്നു. 2009 സെപ്റ്റം. ലക്കം ആത്മപ്രകാശിനിയിൽ മത്തുംചാൽ ബ്രദറൺ അസംബ്ലി എന്നൊരു സഭയില്ലെന്നുള്ള വൃന്ദാവനം സുവി. സി.കെ. ലോറൻസിന്റേതായി വന്ന പ്രസ്താവന വാസ്തവ വിരുദ്ധമാണെന്നു ബന്ധപ്പെട്ട എല്ലാ ദൈവമക്കളെയും അറിയിക്കുന്നു. എന്ന് പി.പി.മാത്യു സെക്രട്ടറി എസ്.എ.ഐ.